# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കക്കോടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/1331/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 16/10/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കക്കോടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/1331/2021 തീയ്യതി: 16/10/2021

## കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 15-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വാസുദേവൻ.എം | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 16-09-2021 | 30-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-09-2021 | 30-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ നസീർ..ടി.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഇന്ദുകല.സി.വി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജിഷ.പി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.കെ.ചോയിക്കുട്ടി | പ്രസിഡന്റ് | 01-04-2020 | 05-11-2020 |
| ശ്രീമതി. കെ.പി.ഷീബ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീമതി.ഭുവനേശ്വരി.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 12-05-2020 |
| ശ്രീമതി.ജയസുധ.കെ.എ | സെക്രട്ടറി | 13-05-2020 | 09-06-2020 |
| ശ്രീമതി.ഭുവനേശ്വരി.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-06-2020 | 09-07-2020 |
| ശ്രീ.യു.കെ.രാജൻ | സെക്രട്ടറി | 10-07-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ദിവ്യ ശശിധരൻ | അഗ്രികൾച്ചർ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.കൃഷ്ണൻകുട്ടി.പി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 28-06-2020 |
| ശ്രീമതി.ധന്യ.സി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-06-2020 | 31-03-2021 |
| ഡോ.നസീമ.കെ.ടി | വെറ്ററിനറി സർജൻ | 01-04-2020 | 20-10-2020 |
| ശ്രീമതി.അംബിക രാജൻ നമ്പ്യാർ | വെറ്ററിനറി സർജൻ | 21-10-2020 | 31-03-2021 |
| ശ്രീമതി.ഭുവനേശ്വരി.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.അമിത.എം.കേളപ്പൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ബിന്ദു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| ശ്രീമതി.റുമൈസ.പി.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2021 | 31-03-2021 |
| ശ്രീമതി.അനു.പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 22-10-2020 |
| ശ്രീമതി.അനുലിബ.എം.കെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 03-11-2020 | 31-03-2021 |
| ശ്രീമതി.ജെൻഷി.പി.ബി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| | | 01-04-2020 | 21-01-2021 |

| | | | |
|---|---|---|---|
| ഡോ.ചിത്ര മുകുന്ദൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | | |
| ഡോ.ദിവ്യ.പി.കെ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 22-01-2021 | 31-03-2021 |
| ഡോ.ജയാന.എ.എം | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2020 | 21-01-2021 |
| ഡോ.ജുമാന.എം.എ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 21-01-2021 | 31-03-2021 |
| ശ്രീ.സുനിൽ കുമാർ.എസ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കലും നടപടിക്രമങ്ങളും<br>Written By: Sreeja Thekkan (Audit Officer, On 29-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-1 |
| 2 | തനത് വരുമാനം ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-1-1 |
| 3 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-1-2 |
| 4 | അധിക വിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-1-3 |
| 5 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-1-4 |
| 6 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-2 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-4 |
| 9 | ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-4-1 |
| 10 | പദ്ധതി ആസൂത്രണം<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-5 |
| 11 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-6 |
| 12 | തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-7 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-8 |
| 14 | കെട്ടിട നിർമ്മാണ അനുമതി - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കപ്പെടുന്നില്ല<br>Written By: C.V.Indukala (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-9 |
| 15 | ഡി&ഒ ലൈസൻസ് - മുഴുവൻ കെട്ടിടങ്ങളും ലൈസൻസ് പരിധിക്കുള്ളിൽ വരുന്നില്ല<br>Written By: C.V.Indukala (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-10 |
| 16 | ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കുന്നതിൽ കൃത്യതയില്ല<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-11 |

| | | |
|---|---|---|
| 17 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 16-10-2021) | 1-12 |
| 18 | റോഡുകൾ തെരെഞ്ഞെടുക്കാൻ കഴിയുന്നില്ല- വസ്തുനികുതിയിനത്തിൽ നഷ്ടസാധ്യത<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-13 |
| 19 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത- നികുതി നഷ്ടത്തിന് ഇടയാക്കുന്നു.<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-14 |
| 20 | സേവന ഉപനികുതി ചുമത്തുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-15 |
| 21 | ദി ക്രാഡിൽ പദ്ധതി-നിർവ്വഹണം കാര്യക്ഷമമല്ല.<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 16-10-2021) | 1-16 |
| 22 | ശ്മശാന നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.<br>Written By: C.V.Indukala (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 16-10-2021) | 1-17 |
| 23 | സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്താതെ അഭിഭാഷകർക്ക് ഫീസ് നൽകുന്നു.<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-18 |
| 24 | ജലജീവൻമിഷൻ പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല.<br>Written By: Sreeja Thekkan (Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-19 |
| 25 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല<br>Written By: C.V.Indukala (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-20 |
| 26 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല.<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-21 |
| 27 | തെരുവു വിളക്കുകളുടെ വാർഷിക മെയിന്റനൻസ്-പ്രോജക്ട് നിർവ്വഹണം അപാകതകൾ<br>Written By: Sreeja Thekkan (Audit Officer, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-22 |
| 28 | പെർമിറ്റും വാലേഷനുമില്ലാതെ പഠനമുറിക്ക് ധനസഹായം നൽകി.<br>Written By: Sreeja Thekkan (Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-23 |
| 29 | ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ<br>Written By: C.V.Indukala (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-24 |
| 30 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-25 |
| 31 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല<br>Written By: C.V.Indukala (Senior Grade Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-26 |
| 32 | പൊതു മരാമത്ത് പ്രവൃത്തികൾ- നടത്തിപ്പിലെ അപാകതകൾ<br>Written By: C.V.Indukala (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 1-27 |
| 33 | മുൻ കാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച | 1-28 |

| | | |
|---|---|---|
| | Written By: Abdul Nazeer T.P. (Senior Grade Auditor, On 30-09-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | |
| **ഭാഗം 2** | | |
| 1 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത- നികുതി നഷ്ടത്തിന് ഇടയാക്കുന്നു.<br>Written By: RAMDAS M. (Asst. Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 2-1 |
| **ഭാഗം 3** | | |
| 1 | ദി ക്രാഡിൽ പദ്ധതി-നിർവ്വഹണം കാര്യക്ഷമമല്ല.<br>Written By: Sreeja Thekkan (Audit Officer, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Jisha.P (Auditor, On 01-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jisha.P (Auditor, On 02-10-2021)<br>Last Updated By: Vasudevan M (Deputy Director, On 13-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jisha.P (Auditor, On 01-10-2021)<br>Last Updated By: Vasudevan M (Deputy Director, On 16-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ് തയ്യാറാക്കലും നടപടിക്രമങ്ങളും

സെക്രട്ടറിയുടെ 17.12.19ലെ AC11742/19 നമ്പർ കത്ത് പ്രകാരം എല്ലാ ഘടക സ്ഥാപനങ്ങളിൽനിന്നും ബജറ്റ് പ്രൊപ്പോസൽ സ്വീകരിക്കുന്നതിനായി കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ വെറ്ററിനറി ഹോസ്പിറ്റൽ, പി.എച്ച്.സി, ജി.എൽ പി.എസ്, കക്കോടി, അഗ്രികൾച്ചർ ഓഫീസ്, ഹോമിയോ ഹോസ്പിറ്റൽ, ആയുർവേദ ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസൽ ലഭിച്ചു. പ്രസ്തുത പ്രൊപ്പോസലുകൾ 10-2-2020 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 17/20 തീരുമാനപ്രകാരം ബജറ്റിൽ ഉൾപ്പെടുത്തി കരട് ബജറ്റ് തയ്യാറാക്കാൻ തീരുമാനിച്ചു. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 05.03.2020 തീയതിയിലെ യോഗത്തിൽ അവതരിപ്പിച്ച 2020-21 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് നിർദ്ദേശങ്ങൾ 24.03.20 ലെ 50/20നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിക്കുകയുണ്ടായി. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5549377 |
| വരവ് | 217559174 |
| ആകെ | 223108551 |
| ചെലവ് | 219186900 |
| നീക്കിയിരിപ്പ് | 3921651 |

ഭരണസമിതിയുടെ 15.02.2021 ലെ 21/21(1) തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

### 1-1-1 തനത് വരുമാനം ബജറ്റ് എസ്റ്റിമേറ്റുമായി പൊരുത്തപ്പെടുന്നില്ല.

| ബജറ്റ് ഹെഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്കു പ്രകാരം വരവ് |
|---|---|---|
| 110 നികുതി വരുമാനം | 7200000 | 6774520 |
| 130 നികുതിയിതര വരുമാനം | 350000 | 336597 |
| 140 ഫീസ്, യൂസർ ചാർജ് | 1423000 | 1825912 |
| 150 സെയിൽ, ഹയർ ചാർജസ് | 328000 | 247857 |
| 171 പലിശവരവ് | 350000 | 426468 |
| 180 മറ്റു വരവുകൾ | 55000 | 161 |

ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്

1-1-2 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ

3. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4. പെർഫോമൻസ് ബജറ്റ്

5. ജെൻഡർ ബജറ്റ്

എന്നാൽ 2020-21 വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല.

1-1-3 അധിക വിഭവസമാഹരണം ലക്ഷ്യമിട്ട് കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് തനത് വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തുന്നില്ല.

സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തലവികസനത്തിനും സാമ്പത്തിക സുസ്ഥിരതക്കും നികുതിയേതര വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ, ചാർജ്ജുകൾ എന്നിവ 01-04-2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി സ.ഉ (അച്ചടി) 28/2019 ധന.തീയതി 08-03-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ ഗ്രാന്റ്-ഇൻ എയ്ഡ് സ്ഥാപനങ്ങളും പുതുക്കിയ സേവന നിരക്കുകൾ വ്യക്തമാക്കി പ്രത്യേകം ഉത്തരവ് നടപടിക്രമം പുറപ്പെടുവിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റിൽ പ്രസ്തുതനിർദ്ദേശം ഉൾപ്പെടുത്തുക യോ സേവനനിരക്കുകളിൽ വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ സർക്കാരിന്റെ തനത് വരുമാന വർദ്ധനവിനുള്ള ഇത്തരം ഉത്തരവുകൾ നടപ്പിലാക്കി വരുമാനവർദ്ധനവിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ട താണ്. ഓരോ സാമ്പത്തികവർഷത്തിലും തനത് വരുമാന വർദ്ധനവിന് സർക്കാർ അനുമതി നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുവാൻ അതാത് പ്രാദേശിക സർക്കാരുകളും ഇത്തരം നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-1-4 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.സ്ഥാപനമേധാവികളുടെ യോഗം വിളിച്ച് ചേർത്ത് ബജറ്റ് സംബന്ധിച്ച പ്രാഥമികകാര്യങ്ങൾ ചർച്ച ചെയ്യേണ്ടതാണ്.

2.ബജറ്റ് മാന്വൽ പ്രകാരമുള്ള രേഖകൾ ബജറ്റ് രേഖകളായി സൂക്ഷിക്കേണ്ടതാണ്.

3.എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

4.തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന്

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

5.കേരള സർക്കാരിന്റെ ബജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള അധികവിഭവസമാഹരണത്തിനുള്ള സർക്കാർ ഉത്തരവുകൾ തനത് വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ,സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടു ത്തിയിട്ടില്ല.

2. 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല (ഉദാ-Contractors' EMD,Suppliers' EMD, Bidders EMD മുതലായവ )

3. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

5. ലേല രജിസ്റ്ററിൽ വാർഷികസംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല .

6. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| കാനറ ബാങ്ക് (എം.ജി.എൻ.ആർ.ഇ.ജി.എ) | 22000657 | 522024/28.10.20 | 1117 |
| | 22000658 | 522025/28.10.20 | 1972 |

വാർഷിക കണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13093226.57 |
| വരവ് | 106451148 |
| ആകെ | 119544374.57 |
| ചെലവ് | 97082418 |
| നീക്കിയിരിപ്പ് | 22461956.57 |

## 1-4 ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 7490000 | 7490000 | 3102027 | 4387973 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 13504740 | 13504740 | 12297656 | 1207084 |
| മെയിന്റനൻസ്(നോൺ റോഡ്) | 0 | 6022464 | 6022464 | 6022464 | 0 |
| മെയിന്റനൻസ്(റോഡ്) | 0 | 12614000 | 12614000 | 12522816 | 91184 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (അങ്കണവാടികൾക്ക് ഏകീകൃത നെയിം ബോർഡ് സ്ഥാപിക്കൽ) | 0 | 90000 | 90000 | 0 | 90000 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(TSC) | 1492730 | 0 | 1492730 | 0 | 1492730 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(ICDS) | 383 | 2237825 | 2238208 | 1500000 | 738208 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(MGNREGS) | 2499 | 1556544 | 1559043 | 1541897 | 17146 |

1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകത

വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉല്പാദനം | 6398000 | 12192000 |
| | സേവനം | 17047937 | 58767331 |
| വികസനഫണ്ട് എസ്.സി.പി. | സേവനം | 9571794 | 48015794 |
| | പശ്ചാത്തലം | 2786500 | 3155000 |
| സംരക്ഷണഗ്രാന്റ് റോഡിതരം | ഉല്പാദനം | 400000 | 450000 |
| | സേവനം | 6394582 | 6924582 |
| സംരക്ഷണഗ്രാന്റ് റോഡ് | പശ്ചാത്തലം | 15200000 | 15450000 |

മേൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

1-5 പദ്ധതി ആസൂത്രണം

കോഴിക്കോട് താലൂക്കിൽ കോഴിക്കോട് കോർപ്പറേഷന് തൊട്ട് വടക്ക് സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്താണ് കക്കോടി. കോഴിക്കോട് കോർപ്പറേഷനോടടുത്തു കിടക്കുന്ന പഞ്ചായത്തായതി നാൽ തന്നെ ഇവിടെ ജനസാന്ദ്രത കൂടുതലും നാഗരികതയുടെ എല്ലാ പ്രശ്നങ്ങളുമുണ്ട്. 31-3-2020ന് അംഗീകാരം ലഭിച്ച 287പ്രൊജക്ടുകളടങ്ങിയ 2020-21ലെ മൊത്തം പദ്ധതി അടങ്കൽ 131464503/- രൂപയാണ്. ആകെ ചെലവ് 77906129 രൂപയാണ്. ചെലവ് ശതമാനം 59.26 ആണ്. സാംഖ്യ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, സി.എഫ്.സി എന്നീ ഇനങ്ങളിൽ 8172902 രൂപ വിനിയോഗിക്കാതെ ലാപ്സായിട്ടുണ്ട്. തനത്ഫണ്ട്, സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകകൾ എന്നിവയും പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ഇതിന്റെ വിശദ വിവരങ്ങൾക്ക് ഖണ്ഡിക 1- കാണുക.

എന്നാൽ 2020-21 വർഷം സംസ്ഥാന ബജറ്റിൽ വകയിരുത്തിയതിനേക്കാൾ അധീഷണലായി പഞ്ചായത്തിന് താഴെ കൊടുത്ത തുക കൂടി ലഭിച്ചിട്ടുണ്ട്.

| തുക | ഫണ്ടിനം |
|---|---|
| 2135875 | വികസന ഫണ്ട്(ജനറൽ) |
| 1773000 | വികസന ഫണ്ട്(എസ്.സി.പി) |
| 6014740 | സി.എഫ്.സി ഗ്രാന്റ് |

പ്രകൃതി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവരുടെ തൊഴിൽ ഉറപ്പാക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രൊജക്ടുകൾക്ക് തൻവർഷം മുൻഗണന നൽകേണ്ടതായിരു ന്നെങ്കിലും അത്തരം പ്രൊജക്ടുകൾ ആസൂത്രണം ചെയ്തതായി കാണുന്നില്ല. ദുരന്തമാനേജ്മെന്റ് പ്ലാനിലെ നിർദ്ദേശങ്ങൾ കൂടി പദ്ധതിക്കായി പരിഗണിക്കേണ്ടതാണ്. ദുരന്തമാനേജ്മെന്റ് പ്ലാനിലെ നിർദ്ദേശങ്ങളും മിഷൻ കൂടി ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്ക്കരിക്കേണ്ടതാണെങ്കിലും അങ്ങനെ ചെയ്തിട്ടില്ല. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾ ഉത്തരവാദിത്തം നിറവേറ്റിയതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ രണ്ട് യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും വിശദമായ ചർച്ചകൾ നടന്നിട്ടില്ല. അന്തിമമായി അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രൊജക്ടുകളു ടെ വിശദാംശം താഴെ കൊടുക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥർ | ആകെ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയവ | നടപ്പാക്കാത്തവ | ഭാഗികമായി നടപ്പാക്കിയവ | വകയിരുത്തിയ തുക | ചെലവ് | ചെലവ് % |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 18 | 14 | 4 | 3 | 6260508 | 4715932 | 75.32 |
| വെറ്റിനറി സർജൻ | 10 | 6 | 4 | 4 | 3839500 | 2089830 | 54.42 |
| മെഡിക്കൽ ഓഫീസർ (PHC) | 5 | 5 | - | - | 1211000 | 1184494 | 97.8 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | - | - | 770000 | 769628 | 99.9 |
| വി ഇ ഒ | 20 | 16 | 4 | 11 | 30821272 | 10493461 | 34.04 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | 8 | 7 | 1 | 1 | 8503370 | 7654966 | 90.02 |
| സെക്രട്ടറി | 23 | 19 | 4 | 5 | 17790840 | 7720094 | 43.39 |
| അസ്സിസ്റ്റന്റ് എൻജിനിയർ | 184 | 153 | 31 | 13 | 55207733 | 36813841 | 66.68 |
| ഹെഡ് മാസ്റ്റർ | 4 | 4 | - | 2 | 1215900 | 1156843 | 95.14 |
| ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2 | - | - | 1600000 | 1435000 | 89.68 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 1 | 1 | 4244380 | 3872640 | 91.24 |

വാർഷിക പദ്ധതിക്ക് വർഷാരംഭത്തിൽ തന്നെ അംഗീകാരം ലഭിച്ചെങ്കിലും ഭൂരിഭാഗം ചെലവുകളും അവസാനപാദത്തിലാണ് നടത്തിയിട്ടുള്ളത്. അനിവാര്യ വകയിരുത്തൽ നടത്തേണ്ട ആശ്രയ പദ്ധതിക്ക് തൻവർഷം തുക വകയിരുത്തിയിട്ടില്ല.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.09.2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4250/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

## 1-7 തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7417800 | 487 |
| വിധവാപെൻഷൻ | 24036500 | 1609 |
| വാർദ്ധക്യകാലപെൻഷൻ | 43646200 | 3355 |
| വികലാംഗപെൻഷൻ | 6503000 | 444 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4879500 | 329 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 660000 | 12 |
| തൊഴിൽ രഹിത വേതനം | 720 | 1 |

## 1-8 ആഭ്യന്തര നിയന്ത്രണം

ഫീൽഡ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ എല്ലാ മേഖലകളിലെയും നിയമലംഘനങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതി നുള്ള ഉത്തരവാദിത്വം നിർണയിച്ച് നൽകിയിട്ടുണ്ടെങ്കിലും ആയത് കൃത്യമായി നിർവ്വഹിക്കുന്നില്ല. തൊഴിൽനികുതിയുടെ കാര്യത്തിൽ ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചു കൊ ണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ ആകെ റോഡുകളുടെ 4% മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് വസ്തുനികുതിയിനത്തിൽ നഷ്ടത്തിന് ഇടയാക്കുന്നു. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. മനുഷ്യവിഭവശേഷിയുടെ കാര്യക്ഷമവും ഫലപ്രദവുമായ വിനിയോഗം ഉറപ്പുവരുത്തി സ്ഥാപനത്തിന്റെ ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാകണം. അധികാര - ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലാ നിർവ്വഹണം,

നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെ യും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം. പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണെങ്കിലും ആഭ്യന്തരനിയന്ത്രണ സംവിധാനം ഇനിയും കുറ്റമറ്റതാക്കേണ്ടതിന് കൂടുതൽ ശ്രദ്ധ ആവശ്യമാണ്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണ പെർമിറ്റിന്റെയും, അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിന്റെയും സൂക്ഷിപ്പ് തൃപ്തികരമല്ല. പഞ്ചായത്തിന്റെ 20-21 വാർഷികബജറ്റ് പാസ്സാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. വികസനഫണ്ട്, സംരക്ഷണ ഗ്രാന്റ്, മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രൊജക്ടുകൾ എന്നിവയുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഫയലിങ്ങ് സംവിധാനം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ് എന്നിവ കുറ്റമറ്റതാക്കേണ്ടതുണ്ട്. മിക്ക പ്രൊജക്ടുകളുടെയും നിർവ്വഹണഘട്ടങ്ങൾ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് ചെയ്തതിന്റെ രേഖ ലഭ്യമല്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യുയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗ സ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8.11.10ലെ ജി.ഒ(പി)259/ 2010/ തസ്വഭവ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

## 1-9 കെട്ടിട നിർമ്മാണ അനുമതി - അനധികൃത നിർമ്മാണ സാധ്യത നിരീക്ഷിക്കപ്പെടുന്നില്ല

സ്ഥാപന പരിധിക്കുള്ളിലെ കെട്ടിടനിർമ്മാണം നിയമ വിധേയമാണോ, അനധികൃത നിർമ്മാണം നടക്കുന്നുണ്ടോ എന്നീ കാര്യങ്ങൾ സാധ്യമാകുന്നത് ഫീൽഡ് തല പരിശോധനയിലൂടെയാണ്. സ്ഥാപനത്തിലെ ഓഫീസ് ഉത്തരവ് പ്രകാരം ഓരോ സെക്ഷനും അനുവർത്തിക്കേണ്ട ചുമതലകൾ നിർവ്വചിച്ച് നൽകിയിട്ടുള്ളതിനോടൊപ്പം അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വവും ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചു നൽകിയിട്ടുണ്ട്. വാർഡുകളുടെ ചുമതലയുള്ള ജീവനക്കാർക്ക് അതോടൊപ്പം തന്നെ അവരവരുടെ വാർഡിൽ നടക്കുന്ന അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യൽ , ലൈസൻസ് എന്നിവയുടെ അന്വേഷണം, പരാതികളിന്മേലുള്ള അന്വേഷണം എന്നിവ കൂടി നൽകിയിട്ടുണ്ട്. കെട്ടിടനിർമ്മാണ പെർമിറ്റ് കൈകാര്യം ചെയ്യുന്ന സെക്ഷന്(നിലവിൽ A4 സെക്ഷൻ) അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവർക്കെതിരെ ബന്ധപ്പെട്ട സെക്ഷൻ/വാർഡ് ക്ലർക്കുമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനും ചുമതല നൽകിയിട്ടുണ്ട്. കെട്ടിടനിർമ്മാണം ഉൾപ്പെടെ ഫീൽഡിൽ നടക്കുന്ന നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട പ്രാഥമിക ഉത്തരവാദിത്തം നിറവേറ്റുന്നതിന് പകരം നികുതി പിരിവ് , പരാതികളിന്മേൽ അന്വേഷണം തുടങ്ങിയ കർത്തവ്യങ്ങൾക്ക് മാത്രമായി പലപ്പോഴും ഫീൽഡ് സന്ദർശനം ഒതുങ്ങിപ്പോകുന്നു.

പെർമിറ്റ് രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ ആകെ ലഭ്യമായിട്ടുള്ള 428 അപേക്ഷകളിൽ 73 എണ്ണം ക്രമവൽകരണത്തിനുള്ള അപേക്ഷകൾ ആണ്. വാർഡു ക്ലാർക്കുമാരുടെ പരിശോധനാ റിപ്പോർട്ട് ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്തതിന്റെ രേഖകളൊന്നും ഹാജരാക്കിയില്ല. ജോലി വിഭജനമനുസരിച്ചുള്ള കൃത്യനിർവ്വഹണം അതത് ഉദ്യോഗസ്ഥർ നടത്തുന്നുണ്ടോയെന്ന് ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തിയതായും കാണുന്നില്ല. അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്ററിൽ നിലവിൽ 10 കെട്ടിടങ്ങൾ മാത്രമാണ് അനധികൃത നിർമ്മാണമായി കാണിച്ച് രേഖപ്പെടുത്തിയിട്ടുള്ളൂ.

ഉദാഹരണമായി ഗ്രാമപഞ്ചായത്തിൽ ലഭിച്ച ഏതാനും പരാതികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ട അനധികൃത ഖനനം/നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിലെ 14ാം വാർഡിൽ കക്കാട്ടുമലയിൽ (റിസർവ്വേ 54 ൽ) ശ്രീ. മിഷാൽ മജീദ് എന്നവർക്ക് 163.94 എം2 പ്ലിന്ത് ഏരിയയിൽ വീട് നിർമ്മാണ അനുമതി നൽകിയെങ്കിലും ഈ സ്ഥലത്ത് അനധികൃത മണ്ണ് ഖനനം നടത്തിയതായി പരാതി ലഭ്യമായി. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ സ്ഥലത്ത് ഡവലപ്മെന്റ് പെർമിറ്റ് എടുത്തിട്ടില്ല എന്നും കെട്ടിടനിർമ്മാണാനുമതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനമല്ല സ്ഥലത്ത് നടന്നിരിക്കുന്നത് എന്നും ഖനനത്തിന് ജിയോളജി വകുപ്പിൽ നിന്നും അനുമതി ആവശ്യമാണ് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബി-5-6901 /20 തീ. 06.01.2021 പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സ്റ്റോപ്പ്മെമ്മോ നൽകിയിട്ടുണ്ട്.

2. ഗ്രാമപഞ്ചായത്തിൽ ലഭ്യമായ പരാതി സംബന്ധമായ ഫയൽ പരിശോധിച്ചതിൽ, കക്കോടി ബസാറിൽ പുതുതായി നിലവിൽ വന്ന ബൈപാസ് റോഡിൽ ഏറാടി കോംപ്ലക്സ് എന്ന ബിൽഡിംഗിൽ സ്വകാര്യവ്യക്തി മുൻകൂട്ടി അനുമതി വാങ്ങാതെ കെട്ടിടത്തിന്റെ പാർക്കിംഗ് സ്ഥലത്ത് ഇരുമ്പ് കാലുകളിൽ ഷീറ്റിട്ടതായി പരാതി നിലവിലുണ്ട്. 26.03.2019 ൽ ഇക്കാര്യത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഓവർസിയർക്ക് കൈമാറുന്നു എന്ന് ഫയലിൽ കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് . തുടർ വിവരം ലഭ്യമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/2020-21 തീ. 29.09.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിയമ ലംഘനം നടത്തി നിർമ്മിക്കപ്പെടുന്ന കെട്ടിടങ്ങളുടെ വിവരം റിപ്പോർട്ട് ചെയ്യുന്നതിനും, ആയതിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും സംവിധാനമൊരുക്കേണ്ടതാണ്. കൂടാതെ, അനധികൃത നിർമ്മാണം കണ്ടെത്തുന്നതിനുള്ള പരിശോധന നടത്തുമ്പോൾ 60 M2 കുറവായതിനാൽ നികുതി ചുമത്തിയിട്ടില്ലാത്ത കെട്ടിടങ്ങളുടെ കാര്യത്തിൽ ഇത്തരം കെട്ടിടങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതും, കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ടെങ്കിൽ അത്തരം കെട്ടിങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്യേണ്ടതുമാണ്.

## 1-10 ഡി&ഒ ലൈസൻസ് - മുഴുവൻ കെട്ടിടങ്ങളും ലൈസൻസ് പരിധിക്കുള്ളിൽ വരുന്നില്ല

2020-21 വർഷത്തിൽ FTE&OS ലൈസൻസിന്റെ വരവുമായി ബന്ധപ്പെട്ട പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഓഡിറ്റ് വർഷത്തിൽ വാണിജ്യാവശ്യങ്ങൾക്ക് നികുതി നിർണ്ണയിച്ച 2391 കെട്ടിടങ്ങളുണ്ട്. ഇതിൽ 890 കെട്ടിടങ്ങൾ ആണ് ലൈസൻസ് എടുത്തിട്ടുള്ളത്. നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും ഡി&ഒ ലൈസൻസ് പ്രകാരം ഉപയോഗപ്പെടുത്തുന്ന കെട്ടിടങ്ങളുടെ എണ്ണവും താരതമ്യപ്പെടുത്തിയതിൽ, 37% കെട്ടിടങ്ങൾ മാത്രമാണ് നിലവിൽ ഉപയോഗപ്പെടുത്തുന്നതെന്ന് കാണാം. ശേഷിക്കുന്ന 1501 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. പ്രസ്തുത കെട്ടിടങ്ങളിൽ ചിലത് ഒഴിഞ്ഞ് കിടക്കുന്നതിനോ, ഒരു കച്ചവടക്കാരൻ തന്നെ ഒന്നിലധികം കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനോ സാധ്യത ഉണ്ടെങ്കിലും ആയത് പരിശോധിച്ച് ഉറപ്പ് വരുത്തിയതായും കാണുന്നില്ല

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല

സ.ഉ (സാധാ) നം. 2511/07തസ്വഭവ തി. 22.07.2017 പ്രകാരം നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. അത്തരത്തിലൊരു ട്രേഡേഴ്സ് ലിസ്റ്റ് സ്ഥാപനം തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റിന് പകരം ലൈസൻസെടുത്തവരുടെ പേരുവിവരം വാർഡ് തലത്തിൽ ക്രോഡീകരിച്ച പട്ടികയാണ് സൂക്ഷിച്ചിട്ടുള്ളത്. ഇത് തന്നെ ആരും ഒപ്പുവച്ച് അധികൃതമാക്കുകയോ പട്ടികയിൽ വർഷം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2019-20, 2020-21 വർഷത്തേക്ക് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുമില്ല. ഫീൽഡ്തല പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.

മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കുന്നതിന്, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205.ബി പ്രകാരം (തൊഴിൽ നികുതി) വാണിജ്യ-വ്യവസായാവശ്യങ്ങൾക്കുള്ള 1958 കെട്ടിടങ്ങളുടെ ഉടമകൾക്കും നോട്ടീസ് നൽകി വിവരശേഖരണം നടത്തിയും, ഫീൽഡ് തല അന്വേഷണത്തിലൂടെയും ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും , ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകതകൾക്ക് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കുന്നതിൽ കൃത്യതയില്ല

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം 2391 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. എന്നാൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 782 ഡിമാന്റുകളിൽ നിന്നു മാത്രമാണ് നികുതി ഈടാക്കിയിരിക്കു ന്നത്. ബാക്കി കെട്ടിടങ്ങളിൽ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആ സ്ഥാപനങ്ങളി ൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം

ഉപയോഗിക്കുന്നവ രുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205ബി, ചട്ടം13 എന്നിവ കാണുക) എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തത് കഴിഞ്ഞ് 1609 കെട്ടിടങ്ങൾ കൂടി ഉണ്ടെന്നുള്ളതിനാൽ പരാമവധി അത്രയും ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാവേണ്ടതുണ്ട്. എന്നാൽ അതുണ്ടായിട്ടില്ല. വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല എന്നത് ലൈസൻസ് സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടിക്രമങ്ങളിലൂടെയല്ല കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് . നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർവൈസറി തലത്തിൽ പരിശോധിക്ക പ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി പിരിവുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂ ടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ 2020-21 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയസോഫ്റ്റ് വെയറിലെ നോൺ റെസിഡൻഷ്യൽ വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങളിൽ വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആശുപത്രികൾ തുടങ്ങിയ ഒട്ടേറെ കെട്ടിടങ്ങൾ ഉൾപ്പെട്ടതാണെന്നും പല കെട്ടിടങ്ങളും വ്യാപാരം നടത്താതെ ഒഴിഞ്ഞുകിടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കോവിഡിനെ തുടർന്ന് ട്രേഡേഴ്സ് ലിസ്റ്റ് അപ്ഡേറ്റ് ചെയ്യാൻ സാധിച്ചിട്ടില്ലെന്നും വ്യക്തമാക്കുകയുണ്ടായി.ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-12 തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.</u>

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമ ങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു.

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 205.ബി .പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ ഹോട്ടൽ ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിന്റെ താമസക്കാരെകുറിച്ചും അവരുടെ തൊഴിലിനെയോ ഉദ്യോഗത്തെയോ വാടകയെ സംബന്ധിച്ചും രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.(ചട്ടം 13) ഇത്തരത്തിൽ നോട്ടീസ് നൽകിയതായി കാണുന്നില്ല.

2. മേൽ നിയമം 205.ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഓരോ വാർഡിലെയും ചുമതലപ്പെട്ട ക്ലാർക്കുമാർ ഇൻസ്റ്റിറ്റ്യൂഷൻ/നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.എന്നാൽ വാർഡ് തല ഇൻസ്റ്റിറ്റ്യൂഷൻ/നികുതി ബാധകമായ സ്ഥാപനങ്ങളു ടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല.

3.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ്, റേഷൻഷോപ്പ് ഉടമകൾ ,ആധാരം എഴുത്തുകാർ തുടങ്ങിയവരെ നികുതി പരിധിയിൽ കൊണ്ടു വന്നിട്ടില്ല.

4.അസിസ്റ്റന്റ് എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2020-21 ൽ കരാർ വെച്ച, താഴെ കൊടുത്ത കരാറുകാരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | ശ്രീനിവാസൻ നായർ.കെ, അഞ്ജന കൺസ്ട്രക്ഷൻസ് |
| 2 | കെ.പി.സുരേഷ്ബാബു, കൌസ്തുഭം |
| 3 | അജിത്ത്.കെ.പി, കൊളപറമ്പത്ത് |
| 4 | ഉണ്ണി കൃഷ്ണൻ.വി.കെ,പെനിൻസുല |
| 5 | അബ്ദുൾ ബഷീർ, ചെറാട്ട് |
| 6 | അഷ്റഫ്.വി, വാഴപ്പറോൽ |
| 7 | ഷിബു.കെ.പി,മന്ദശ്ശേരി |
| 8 | സുഗതൻ.കെ,റീന നിവാസ് |
| 9 | റിജേഷ്.എം.കെ |
| 10 | നാരായണൻ.എം.കെ, മൂശാരികണ്ടിയിൽ |
| 11 | ശശിധൻ.പി, ശശികല ഹൌസ് |
| 12 | അഖിൽ ഗോവിന്ദ്, അഖിൽ നിവാസ് |
| 13 | റിജു.എം.വി, സുദേവം |
| 14 | ചന്തുക്കുട്ടി.കെ, അനിരുദ്ധ ഹൌസ് |
| 15 | സുരേഷ് കുമാർ.ടി.വി, സുരേഷ് ഭവൻ |
| 16 | രാമചന്ദ്രൻ.എം, |
| 17 | ഭരതൻ.കെ,കൊല്ലേരി |
| 18 | ശശീന്ദ്രൻ.ടി,തിരുവോത്ത് |
| 19 | സുനി.എം, മടത്തനാട്ടുപൊയിൽ |
| 20 | വിനോദ്.എം, മടത്തനാട്ടുപൊയിൽ |
| 21 | അഭിജിത്ത്.ആർ |
| 22 | അശോകൻ.എം |
| 23 | പ്രജീഷ്.പി. |

5.വിവിധ തൊഴിൽ മേഖലകളിലേക്കായി അതിഥി തൊഴിലാളികളെ കൊണ്ടുവരുന്ന കരാറുകാരുടെ യും അതിഥി തൊഴിലാളികളുടെയും ലിസ്റ്റ് പോലീസ് സ്റ്റേഷനിൽനിന്നും ശേഖരിച്ച് നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

6.ഓരോ സ്ഥാപനത്തിലെയും ഒന്നാം അർദ്ധവർഷം നികുതിഅടവാക്കിയ ജീവനക്കാർ രണ്ടാം അർദ്ധവർഷം നികുതി അടവാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുന്നില്ല.

7.ഭിന്നശേഷിക്കാരാണ് എന്ന കാരണത്താൽ നികുതിയിൽ നിന്നും ഒഴിവാക്കുന്ന സന്ദർഭങ്ങളിൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ പരിശോധിച്ചുറപ്പുവരുത്തുന്നില്ല.

8.താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വിശദാംശം |
|---|---|---|
| 1 | സപ്ലൈകോ,റീജിയണൽ മാനേജർ | മാനേജർ ഒഴികെയുള്ള ജീവനക്കാരുടെ നികുതി ഈടാക്കിയിട്ടില്ല. |
| 2 | മോരിക്കര എ.എൽ.പി.സ്കൂൾ | ഹെഡ് മാസ്റ്ററിൽ നിന്നു മാത്രമാണ് നികുതി ഈടാക്കിയിട്ടുള്ളത്. |
| 3 | കെ.എസ്.ഇ.ബി. | സ്ഥാപനത്തിന്റെ നികുതി ഒന്നും |

| | | |
|---|---|---|
| | | രണ്ടും അർദ്ധവർഷവും ജീവനക്കാരുടെ നികുതി ഭാഗികമായും ഈടാക്കിയിട്ടില്ല. |

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയഓഡിറ്റ് എൻക്വയറിക്ക് (02/20-21 തി. 24.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല.എങ്കിലും ഓഡിറ്റ് ചൂണ്ടികാണിച്ച വിവിധ സ്ഥാപനങ്ങളിൽ നിന്നായി ഓഡിറ്റ് വേളയിൽതന്നെ 2500/-രൂപ ഈടാക്കി എന്നത് പ്രശംസനീയമാണ്.നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും എല്ലാ തൊഴിലാളികളെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ഈടാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതുമാണ്. മേൽ കാണിച്ച സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവരിൽനിന്ന് നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 റോഡുകൾ തെരെഞ്ഞെടുക്കാൻ കഴിയുന്നില്ല-വസ്തുനികുതിയിനത്തിൽ നഷ്ടസാധ്യത

വസ്തുനികുതി നിർണ്ണയ നടപടിക്രമം പരിശോധിച്ചതിൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമ പഞ്ചായത്തിലെ 18 റോഡുകളുടെ പേരുവിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.(സെക്രട്ടറിയുടെ ലോഗിനിൽ) ആസ്തി രജിസ്റ്റർ പ്രകാരം 426 റോഡുകളുണ്ട്. ഇതുകൂടാതെ ഹൈവെ റോഡുകളും പൊതുമരാമത്ത് റോഡുകളും ജില്ലാ-ബ്ളോക്ക് പഞ്ചായത്ത് റോഡുകളുമുണ്ട്. ആകെ റോഡുകളിൽ 4% റോഡുകൾ മാത്രമാണ് സോഫ്റ്റ് വെയറിൻ ഉൾപ്പെടുത്തിയിട്ടുള്ളത്.എല്ലാ റോഡുകളുടെയും പേരുവിവരം സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തത് വസ്തുനികുതിയിനത്തിൽ നഷ്ടത്തിന് സാധ്യതയേറെയാണ്.

സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ വാർഡ് സെലക്റ്റ് ചെയ്യുമ്പോൾ ആ വാർഡിൽകൂടി കടന്നു പോകുന്ന എല്ലാ റോഡുകളുടെയും വിവരം, റോഡിന്റെ വീതിയുൾപ്പെടെ സ്ക്രീനിൽ വരേണ്ടതും ആയതിനനുസരിച്ച് റോഡ് സെലക്റ്റ്ചെയ്യാൻ സാധിക്കേണ്ടതുമാണ്. എന്നാൽ ഭൂരിഭാഗം അസസ്സ്മെന്റുകളിലും ആ വാർഡിൽകൂടി കടന്നുപോകുന്ന റോഡിന്റെ പേരും മറ്റുവിവരവും വരാതിരിക്കുകയും അത്തരം സാഹചര്യത്തിൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന ഓപ്ഷൻ തെരെഞ്ഞെടുക്കുകയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം മാന്വൽ ഇൻപുട്ടാണ് നികുതി നിർണ്ണയത്തിൽ നടക്കുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിലെ നാലു ഓപ്ഷനുകളിൽ വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയിൽ, നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ചെയ്യുന്നതായി കാണുന്നു. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം.

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നതാണ് ഇതിന് കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തി ന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കു മ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം. നികുതി നിർണ്ണയ ത്തെ സമൂലമായി ബാധിക്കുന്നതും സ്ഥാപനത്തിന് നഷ്ടം വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം ഇതുവരെയും പരിഹരിക്കപ്പെട്ടിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (01/2020-21 തിയ്യതി 20.09.21)

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയത്തിലെ അപാകത- നികുതി നഷ്ടത്തിന് ഇടയാക്കുന്നു.

ഫയൽ നമ്പർ-A4/6810/20 തീ. 08.01.2021

കെട്ടിട നമ്പർ-730

ശ്രീ റഫീഖ് & അൽസിത്ത്, മോരിക്കര എന്നവരുടെ ഉടമസ്ഥതയിലുള്ള കൊമേഴ്സ്യൽ കെട്ടിടത്തിന്റെ തറനില 271.41ച.മീറ്റർ നിർമ്മാണം പൂർത്തീകരിച്ചപ്പോൾ ച.മീറ്ററിന് 80/-രൂപ പ്രകാരം (200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ) നികുതി നിശ്ചയിച്ചതായി A4/3869/20 എന്ന ഫയലിൽ നിന്നും വ്യക്തമാണ്.എന്നാൽ ഇതേ കെട്ടിടത്തിന്റെ ഒന്നാംനിലയിൽ 370.6 ച.മീറ്റർ നിർമ്മാണം പൂർത്തീകരിച്ച് നികുതി നിർണ്ണയിച്ചപ്പോൾ ച.മീറ്ററിന് 50/-രൂപ പ്രകാരമാണ് നികുതി കണക്കാക്കിയിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | ഏരിയ | നിശ്ചയിച്ച നികുതി |
|---|---|---|
| 730K | 131.4 | 7490(L C ഒഴികെ) |
| 730L | 114.06 | 6502(LC ഒഴികെ) |
| 730M | 125.14 | 7134(LC ഒഴികെ) |

| | |
|---|---|
| ച.മീറ്ററിന് 80/-രൂപ പ്രകാരം ഈടാക്കേണ്ട നികുതി | 370.6x80=29648 |
| വർദ്ധനവ് 20% | 5929.60 |
| ചട്ടം 9.5 പ്രകാരം ഇളവ് | (-)1778.88 |
| ലൈബ്രറിസെസ്സ് 5% | 1690 |
| ആകെ | 35489 |
| ഈടാക്കിയ നികുതി(LC ഉൾപ്പെടെ) | 22184 |
| നികുതിയിനത്തിൽ കുറവ് | 13305 |

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(8/20-21തിയ്യതി28.09.21)പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയി ക്കേണ്ടതും നികുതിയിനത്തിൽ നഷ്ടം വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്

## 1-15 സേവന ഉപനികുതി ചുമത്തുന്നില്ല.

പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 26പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207-ാം വകുപ്പ് 1-ാംഉപവകുപ്പ് പ്രകാരം സേവന

ഉപനികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽനിന്ന് ,പ്രസ്തുത കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ , ഗ്രാമപഞ്ചായ ത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

ഓഡിറ്റ് വർഷങ്ങളിൽ വിവിധ പ്രൊജക്ടുകൾ വഴിയും നേരിട്ടും ശുചിത്വ പരിപാലനം, ജലവിതരണം, തെരുവിളക്കുകൾ ഡ്രെയിനേജ് എന്നിവക്കായി പണം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ചുമത്തി ഈടാക്കിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/20-21 തിയ്യതി 25.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. സേവന ഉപനികുതി ചുമത്താൻ നടപടി സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

1-16 ദി ക്രാഡിൽ പദ്ധതി-നിർവ്വഹണം കാര്യക്ഷമമല്ല.

കോഴിക്കോട് ജില്ലയിലെ ഐ.സി.ഡി.എസ്.പദ്ധതിയുടെ സമഗ്രവികസനത്തിനായി ജില്ലാ ഭരണകൂടവും, വനിത ശിശുവികസന വകുപ്പും, ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് "ദി ക്രാഡിൽ' . സ്ത്രീകളുടെയും കുട്ടികളുടെയും ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക, പ്രീ സ്കൂൾ കുട്ടികളുടെ പ്രായത്തിനും വികാസത്തിനും അനുയോജ്യമായ സൗകര്യങ്ങളും സാഹചര്യങ്ങളും സൃഷ്ടിച്ചുകൊണ്ട് അങ്കണവാടികളെ മെച്ചപ്പെട്ട ശിശുവികസന കേന്ദ്രങ്ങളാക്കി മാറ്റുക, കുട്ടികളുടെ ശേഷികൾ വിലയിരുത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ വികസിപ്പിക്കുക, അങ്കണവാടി സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് സഹായകമായ സൗകര്യങ്ങൾ വികസിപ്പിക്കുക, ഗർഭിണികളുടെയും കൗമാരക്കാരുടെയും ശാരീരികമാനസിക അവസ്ഥ സ്വയം വിലയിരുത്തുന്നതിന് സഹായകമായ ടൂൾസ് വികസിപ്പിക്കുക, അങ്കണവാടി പ്രവർത്തകർ, സ്കൂൾ കൗൺസിലർമാർ എന്നിവരുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 ൽ ക്രാഡിൽ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ഒരു അങ്കണവാടി നവീകരിക്കുന്നതിനായി താഴെ കൊടുത്ത പ്രകാരം സ്പിൽ ഓവറായി പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം/പേര് | ചെലവു തുക | ഫണ്ടിനം | ബിൽ നംപർ |
|---|---|---|---|
| ക്രാഡിൽ 187/21 | 225000 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 37/11-4-20 |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 225000രൂപ ഉപയോഗിച്ച് താഴെ കൊടുത്തിരിക്കുന്ന സാധനങ്ങളും/ സേവനങ്ങളും ആർട്കോയിൽ നിന്നും 245/7-2-2020എന്ന ക്യാഷ് ബിൽ പ്രകാരം വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | എണ്ണം | വില (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|
| 1 | Colourful Play Mat | 49 | 11448.3 |
| 2 | Alphabet Mat $ Number Mat | 36 | 1612.8 |
| 3 | Trust Bin Outdoor $ Indoor | 1 | 2464 |
| 4 | Vegetable Garden Stand Set | 1 | 14915.2 |
| 5 | Bamboo Setting | 5 | 2572.5 |
| 6 | Rocker | 1 | 2228.8 |

| | | | |
|---|---|---|---|
| 7 | Ride On | 1 | 1780.8 |
| 8 | Outdoor Football $ Turff | 1 | 37996 |
| 9 | Book Shelf | 1 | 4932.4 |
| 10 | Super Slide | 1 | 8400 |
| 11 | Outdoor Grass Planting | 1 | 28224 |
| 12 | Learning Kit | 1 | 8388.8 |
| 13 | Indoor Toy Bin | 1 | 2336.4 |
| 14 | Painting With Art Work | 1 | 29366.4 |
| 15 | Digital Classroom It Includes 32 Inch Full Hd Crystal TV | 1 | 16756 |
| 16 | Sea Saw | 1 | 15232 |
| 17 | Front Round Table | 3 | 14124.6 |
| 18 | Baby Chair | 15 | 6018 |
| 19 | Activity Cube | 1 | 1422.4 |
| 20 | Easel Wooden | 1 | 7000 |
| 21 | Home Theatre Sound System With 5.1 Channel ,Multi Media Rhymes Song Stories | 1 | 6254 |
| | ആകെ | | 223473.4 |
| | സെസ്സ് | | 1961.97 |
| | ആകെ തുക | | 225435.37 |
| | നൽകിയ തുക | | 225000 |

പ്രോജക്ട് നടത്തിപ്പിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

<u>1.അങ്കണവാടിയിൽ ലഭിക്കാത്ത സാധനങ്ങൾക്കും ചെയ്യാത്ത ഇനം പ്രവൃത്തികൾക്കും ആർട്കോയ്ക്ക് തുക നൽകി.</u>

മേൽ കാണിച്ച ക്യാഷ് ബിൽ പ്രകാരം പടിഞ്ഞാറ്റുംമുറി അങ്കണവാടിയിൽ (സെന്റർ നം.148) വിവിധ സാധനങ്ങൾ ലഭ്യമാക്കിയതിനും പ്രവൃത്തികൾ നിർവ്വഹിച്ചതിനും 225000 രൂപ ആർട്കോയ്ക്ക് നൽകിയിട്ടുണ്ട്. 25-9-2021 ന് ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ സാന്നിധ്യത്തിൽ അങ്കണവാടിയിൽ പരിശോധന നടത്തിയപ്പോൾ താഴെ കാണിച്ച ഇനങ്ങളും പ്രവൃത്തിയും അങ്കണവാടിയിൽ ലഭിച്ചിട്ടില്ല/ ചെയ്തിട്ടില്ലെന്ന് കണ്ടു.

| ക്രമ നമ്പർ | ഇനം | എണ്ണം | വില |
|---|---|---|---|
| 1 | Alphabet Mat $ Number Mat | 36 | 1612.8 |
| 2 | Trust Bin Outdoor $ Indoor | 1 | 2464 |
| 3 | Bamboo Setting | 5 | 2572.5 |
| 4 | Super Slide | 1 | 8400 |
| 5 | Outdoor Grass Planting | 1 | 28224 |
| | | ആകെ | 43273.3 |

പണം നൽകിയപ്പോൾ മേൽ കാണിച്ച 5 ഇനങ്ങൾ കൂടി ഉൾപ്പെടെയുള്ള വിലയാണ് ആർട്കോയ്ക്ക് നൽകിയിരിക്കുന്നത്.

2.ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയില്ല.

ആർട്കോയിൽ നിന്നും വാങ്ങിയ സാധനങ്ങൾ അവർ സ്വന്തം നിലയിൽ നിർമ്മിച്ചതാണെന്ന് ഉറപ്പാക്കിയാൽ മാത്രമേ ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങാൻ പാടുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അങ്കണവാടികളിലേക്ക് വാങ്ങിയ കളിക്കോപ്പുകൾ, ഡിജിറ്റൽ ക്ലാസ് റൂം(ക്രിസ്റ്റൽ ടി.വി), ഹോം തിയേറ്റർ സൗണ്ട് സിസ്റ്റം എന്നിവ ആർട്കോ സ്വന്തം നിലയിൽ നിർമ്മിച്ചതാണോ എന്ന് വ്യക്തമല്ല. വിതരണം ചെയ്യുന്ന എല്ലാ സാധനങ്ങളും അവർ നേരിട്ട് നിർമ്മിച്ചതാണെന്നും പുറത്തുനിന്നും വാങ്ങിയതല്ലെന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ആർട്കോ മാനേജിംഗ് ഡയറക്ടറിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. കളിക്കോപ്പുകൾ, ഡിജിറ്റൽ ക്ലാസ് റൂം(ക്രിസ്റ്റൽ ടി.വി), ഹോം തിയേറ്റർ സൗണ്ട് സിസ്റ്റം എന്നിവ നിർമ്മിക്കുന്നതിനും മേൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങുന്നതിനും ഈ കാലയളവിൽ സർക്കാർ അനുമതി നൽകിയ ഉത്തരവ് ലഭ്യമാക്കിയിട്ടില്ല.

3.വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

25-9-2021 ന് ഓഡിറ്റിന്റെ ഭാഗമായി പടിഞ്ഞാറ്റുംമുറി അങ്കണവാടി സന്ദർശിച്ചപ്പോൾ അങ്കണവാടികളിൽ പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ലെന്ന് കണ്ടു.7/2/2020 ലെ ക്യാഷ് ബിൽ പ്രകാരം വാങ്ങിയ ഡിജിറ്റൽ ക്ലാസ് റൂം(ക്രിസ്റ്റൽ ടി.വി), ഹോം തിയേറ്റർ സൗണ്ട് സിസ്റ്റം എന്നിവ പുതിയ കെട്ടിടത്തിന്റെ റീവയറിംഗ് കഴിഞ്ഞുള്ള കറണ്ട് കണക്ഷൻ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഇപ്പോഴും ഉപയോഗപ്പെടുത്താതെ സൂക്ഷിച്ചിരിക്കുകയാണ്.

4.മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.

സാധനങ്ങളുടെ വാങ്ങൽ, ഗുണനിലവാരം എന്നീ ഘടകങ്ങൾ മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

5.വാല്വേഷനില്ലാതെ തുക നൽകി.

5 മീറ്റർ നീളത്തിലും 2 മീറ്റർ വീതിയിലുമായി അങ്കണവാടിയിൽ ആർട്കോ ഫുട്ബോൾ ടർഫ് പ്രവൃത്തി ചെയ്തിട്ടുണ്ട്. ഫുട്ബോൾ ടർഫിന് ആകെ 10 ചതുരശ്ര മീറ്റർ വിസ്തീർണ്ണമാണുള്ളത്. ആർട്കോയുടെ ബിൽ പ്രകാരം അളവ് 115 എന്ന് കാണിച്ച് 12%ജി.എസ്.ടി ഉൾപ്പെടെ 37996 രൂപ ഈടാക്കിയിട്ടുണ്ട്. ഇപ്രകാരം തുക ഈടാക്കിയതെങ്ങിനെയെന്ന് വ്യക്തമല്ല. 115ന്റെ യൂനിറ്റും രേഖപ്പെടുത്തിയിട്ടില്ല. അങ്കണവാടിയുടെ ചുമരിൽ ആർട് പെയിന്റിംഗ് ചെയ്തതിന് 12% ജി.എസ്.ടി ഉൾപ്പെടെ 29364.40 രൂപ ഈടാക്കിയിട്ടുണ്ട്. ചുമരിന്റെ ഏരിയ വ്യക്തമാക്കാതെ തുക ഈടാക്കിയതെങ്ങിനെയെന്ന് വ്യക്തമല്ല. രണ്ടു പ്രവൃത്തികൾക്കും വാല്വേഷനില്ലാതെ തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/28-9-21) മറുപടി നൽകിയിട്ടില്ല.അപാകതയ്ക്ക് വ്യക്തമായ രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്.അങ്കണവാടിയിൽ ലഭിക്കാത്ത സാധനങ്ങൾക്കും ചെയ്യാത്ത ഇനം പ്രവൃത്തികൾക്കും ആർട്കോയ്ക്ക് നൽകിയ 43273 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്.സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്. മറ്റ് അപാകതകളുടെ അടിസ്ഥാനത്തിൽ 187727 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-17 ശ്മശാന നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ എൽ.പി.ജി വാതക ശ്മശാനം നിർമ്മാണ പ്രവൃത്തിയ്ക്കായി 2019-20, 2020-21 വർഷങ്ങളിലായി ചുവടെ ചേർക്കും പ്രകാരം തുക വകയിരുത്തിയിട്ടുണ്ട്.

| വർഷം | പ്രൊജക്ട് നം | വകയിരുത്തിയ തുക | ഫണ്ട് | ചെലവ് |
|---|---|---|---|---|
| 2019-20 | 149/20 | 5,00,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | തുക ചെലവഴിച്ചിട്ടില്ല |
| | | 1175000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | |

| | | | | |
|---|---|---|---|---|
| | | 40,00,000 | ജില്ലാ പഞ്ചായത്ത് വിഹിതം | |
| 2020-21 | 248/21 | 5,00,000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| | | 1175000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | |
| | | 40,00,000 | ജില്ലാ പഞ്ചായത്ത് വിഹിതം | |

കക്കോടി ഗ്രാമപഞ്ചായത്ത്, വാർഡ് 3 ൽ ബദിരൂർ ദേശം റിസർവ്വേ 54/3ൽപ്പെട്ട അത്താഴക്കുന്നിൽ 1 ഏക്കർ 20 സെന്റ് സ്ഥലത്ത് ശ്മശാനം നിർമ്മിക്കുന്നതിനാണ് പ്രൊജക്ട്. ഓഡിറ്റ് വർഷത്തിൽ പദ്ധതിയ്ക്ക് തുക ചെലവഴിച്ചില്ല. രണ്ട് ഘട്ടങ്ങളിലായിട്ടാണ് ശ്മശാനം നിർമ്മാണം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ കെട്ടിടനിർമ്മാണവും രണ്ടാം ഘട്ടത്തിൽ ഫർണസ്, ചിമ്മിനി, സ്മോക്ക് പ്യൂരിഫയർ എന്നിവയുടെ ഇൻസ്റ്റലേഷനുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ട പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ശ്രീ. സുരേഷ്കുമാർ . ടി. വി എന്ന കരാറുകാരനാണ്. (കരാർ നം. AE/100/19-20 തീ. 26.02.20). ടെണ്ടർ നടപടിയുടെ വിവരം ലഭ്യമായിട്ടില്ല. പ്രവൃത്തിയ്ക്കായി 03.03.2020 ന് സ്ഥലം കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണ കാലയളവ് ഒരു വർഷമാണ്. എന്നാൽ പദ്ധതി ഓഡിറ്റ് തീയതി വരെയും പൂർത്തിയായിട്ടില്ല.

രണ്ടാംഘട്ട പ്രവൃത്തിയായ ക്രിമേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിന് ശുചിത്വമിഷൻ എംപാനൽ ചെയ്ത സ്ഥാപനമായ ഹൈടെക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തു (24,98,000/-). ടെണ്ടർ നടപടി, കരാർ എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഹൈടെക് ക്രിമറ്റോറിയത്തെ ഏൽപ്പിച്ചെങ്കിലും ക്രിമറ്റോറിയം സ്ഥാപിക്കുന്നതിന് യാതൊരുവിധ നടപടിയും സ്വീകരിച്ചിട്ടില്ല.

25.09.2021 ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിട നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു വരുന്നതായും ഫർണസ് സ്ഥാപിച്ചിട്ടില്ല എന്നതും ബോധ്യപ്പെട്ടു. വയറിംഗ് പ്രവൃത്തി ചെയ്തിട്ടില്ല. വൈദ്യുതി , വാട്ടർ കണക്ഷനുകൾ ലഭ്യമായിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളായ കെട്ടിടം, വാട്ടർ കണക്ഷൻ, 3 ഫേസ് ഇലക്ട്രിസിറ്റി, LPG കണക്ഷൻ എന്നിവ ഗ്രാമ പഞ്ചായത്ത് ഒരുക്കിക്കൊടുക്കേണ്ടതുണ്ട്.

1982 -ലാണ് ശ്മശാനം നിർമ്മിക്കുന്നതിനായി അത്താഴക്കുന്നിൽ 1 ഏക്കർ 20 സെന്റ് സ്ഥലം അക്വയർ ചെയ്തത് എന്ന് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ കുറിപ്പിൽ നിന്നും വ്യക്തമാകുന്നു. 1999 ൽ ശ്മശാന നിർമ്മാണത്തിനുവേണ്ടി 1,30,000/- രൂപയുടെ പ്രൊജക്ട് നടപ്പാക്കി. (കേന്ദ്രാവിഷ്കൃത ഫണ്ട് 1,00,000/-, തനത് ഫണ്ട് 30,000/-) ശ്മശാന നിർമ്മാണത്തിന്റെ ഭാഗമായി ചുറ്റുമതിലും ഗേറ്റും പണിതു. 2006-07 ൽ കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാആസൂത്രണസമിതി അംഗീകാരം ലഭിച്ച ശ്മശാന നിർമ്മാണ സ്ഥലമൊരുക്കൽ പദ്ധതിയ്ക്കായി 4,00,000/-രൂപ വകയിരുത്തി എന്നും കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രവൃത്തി സംബന്ധിച്ച്, കൈവശത്തിലുള്ള ഭൂമിയ്ക്ക് മുഴുവൻ(1 ഏക്കർ 20 സെന്റ്) ബൗണ്ടറി കണക്കാക്കിയാണോ ചുറ്റുമതിൽ നിർമ്മാണ പ്രവൃത്തി നടത്തിയത് എന്നത് സംബന്ധിച്ച വിവരം, രണ്ടാംഘട്ട പ്രവൃത്തി എഗ്രിമെന്റ് വച്ച് ഏൽപ്പിച്ചതിന്റെ വിവരം , ടെണ്ടർ നടപടിയുടെ വിവരം, ശ്മശാന നിർമ്മാണ പ്രവൃത്തിയ്ക്ക് വേണ്ടി നാളിതുവരെ ചെലവഴിച്ച തുക, പദ്ധതി/ പ്രവൃത്തി ആരംഭിച്ച വർഷം, വകയിരുത്തിയതും, വിനിയോഗിച്ചതുമായ ഫണ്ടിന്റെ വിവരങ്ങൾ, ഇതുവരെ ചെയ്ത / പൂർത്തിയായ പ്രവൃത്തികളുടെ വിവരം എന്നിവ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(18/20-21 തീ. 28.09.2021 ) മറുപടി ലഭ്യമാക്കിയില്ല.

ക്രിമറ്റോറിയം ഇൻസ്റ്റാൾ ചെയ്യുന്നതിന് അനുയോജ്യമായ തരത്തിലാണോ കെട്ടിടം നിർമ്മിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. സ്ഥലത്തിന്റെ അതിരളവുകൾ കണക്കാക്കി ചുറ്റുമതിൽ നിർമ്മിക്കുന്നതിനും, ശ്മശാനം റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ട താണ്. കോർപ്പറേഷനോട് ചേർന്ന് കിടക്കുന്നതും അതിവേഗം നഗരവൽക്കരിക്കപ്പെട്ട് കൊണ്ടിരിക്കുന്നതുമായ പഞ്ചായത്ത് ആയതിനാൽ ശ്മശാനം നിർമ്മാണം പൂർത്തീകരിക്കേണ്ടത് ആവശ്യമാണ്. ശ്മശാന നിർമ്മാണത്തിന്റെ രണ്ടാംഘട്ട പ്രവൃത്തികളായ ഫർണസ്, ചിമ്മിനി, സ്മോക്ക് പ്യൂരിഫയർ എന്നിവ ഇൻസ്റ്റാൾ ചെയ്ത് ശ്മശാനം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽക്കൊ ണ്ടുവരുന്നു.

## 1-18 സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്താതെ അഭിഭാഷകർക്ക് ഫീസ് നൽകുന്നു.

പഞ്ചായത്തുമായി ബന്ധപ്പെട്ട കേസുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ച സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

സ്യൂട്ട് രജിസ്റ്ററിലെ പല പേജുകളും അപൂർണ്ണമാണ്. പരാതിക്കാരന്റെ പേരും കേസ് നമ്പറും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. കേസ് എന്തിനു വേണ്ടിയാണ് നൽകിയിരിക്കുന്നത് ,ഏത് കോടതിയിലാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത്, കേസ് നിലവിലുണ്ടോ, തീർപ്പായോ, കേസിന്റെ വിചാരണ തിയ്യതികൾ വിധിയുടെ വിശദാംശങ്ങൾ, വക്കീലിന് നൽകിയ ഫീസ് വിവരങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും രജിസ്റ്ററിൽ ചേർക്കുന്നില്ല. അഭിഭാഷകർ കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഫീസിനായി സമർപ്പിച്ച പട്ടികയിൽ ചേർത്ത പല കേസുകളും സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഉദാ. OS 345/16. പേജ് No.5 ൽ O.P.1692/11 നമ്പറായി രാഘവൻ . കെ. പി എന്നവർ ഫയലാക്കിയ ഒരു കേസ് ഉള്ളതായി കാണുന്നു. പക്ഷേ കേസ് ഏത് കോടതിയിലാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. കേസിന്റെ പോസ്റ്റിംഗ് വിവരങ്ങളറിയിക്കാതെയും നടത്തിപ്പുമായി ബന്ധപ്പെട്ട് സെക്രട്ടറിയുമായി കൂടിയാലോചിക്കാ തെയും അഭിഭാഷകർ ഫയൽ കൈകാര്യം ചെയ്യുന്നത് ശരിയായ കീഴ് വഴക്കമല്ല. സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കുന്നത് ഒരു കേസിൽ പ്രസ്തുത പഞ്ചായത്ത് പരാതിക്കാരനാ ണോ എതിർകക്ഷിയാ ണോ എന്നറിയാനും, കേസ് ഏത് കോടതിയിലാണെന്നും എന്താവശ്യത്തിനാണ് കേസ് ഫയലാക്കിയതെന്നറിയാനും, വിധി എന്താണെന്ന് പെട്ടെന്ന് മനസ്സിലാക്കാനും വേണ്ടിയാണ്. സ്യൂട്ട് രജിസ്റ്റർ മേൽ സൂചിപ്പിച്ച പ്രകാരം എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

1-19 ജലജീവൻമിഷൻ പദ്ധതി പ്രവർത്തനം കാര്യക്ഷമമല്ല.

ഗ്രാമീണ മേഖലയിലെ മുഴവൻ വീടുകളിലും കുടിവെള്ളകണക്ഷൻ നൽകാനായി നടപ്പിലാക്കുന്ന ജലജീവൻമിഷൻ പദ്ധതിയിൽ കേന്ദ്ര സർക്കാർ 45% വിഹിതവും സംസ്ഥാന സർക്കാർ 30% വിഹിതവും ഗ്രാമപഞ്ചായത്ത് 15% വിഹിതവും ഉൾപ്പെടെ 90% സബ്സിഡിയും 10% ഗുണഭോക്തൃ വിഹിതവുമാണ് ചെലവഴിക്കുന്നത്. ആയതുപ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ കൊടുത്ത പ്രൊജക്റ്റിന് കേരള വാട്ടർ അതോറിറ്റിയിൽ പണം നിക്ഷപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റിന്റെ പേര്,നമ്പർ | നിക്ഷേപിച്ച തുക | ബിൽ നമ്പർ,തിയ്യതി |
|---|---|---|---|
| 1 | ജലജീവൻമിഷൻ കേരള വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ 318/21 | 500000-(വികസന ഫണ്ട് പൊതു.) | 465/29.03.21 |

പദ്ധതിയുടെ ഫേസ്-1 പ്രകാരം 6860ഗുണഭോക്താക്കൾക്ക് വാട്ടർകണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 108511812x15/100=16276772/- രൂപ വാട്ടർ അതോറിറ്റിയിൽ അടക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി 2020-21 ൽ മേൽ കാണിച്ച തുക ആദ്യ വിഹിതമായി വാട്ടർ അതോറിറ്റിയിൽ അടവാക്കി.16-3-2021 ലെ നം.PDK/D1/JJM/KAKDY/006/2020-21 കത്ത് പ്രകാരം ജലജീവൻ മിഷൻ മുഖേന 25-2-2020 വരെ ജല വിതരണ കണക്ഷൻ നൽകിയ 505 ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗുണഭോക്തൃവിഹിതം അടക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി KWA , സെക്രട്ടറിക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് എത്ര അപേക്ഷകരിൽ നിന്നും അപേക്ഷ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമല്ല.

ഫയൽ പരിശോധിച്ചതിൽ മേൽ പ്രോജക്ട് ഇതുവരെയും പൂർത്തീകരിച്ചതായി കാണുന്നില്ല. പണിപൂർത്തീകരിച്ചതു സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പ്രൊജക്ടുകൾക്ക് വർഷാരംഭത്തിൽ തന്നെ അംഗീകാരം ലഭിച്ചെങ്കിലും തുക കൈമാറേണ്ട നിർവ്വഹണോദ്യോഗ സ്ഥൻ അവസാന സമയത്താണ് പണം വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തുതല കർമ്മ പദ്ധതി, ഗുണഭോക്തൃലിസ്റ്റ്, ഗുണഭോക്തൃവിഹിതം ഈടാക്കിയതിന്റെയും അടവാക്കിയതിന്റെയും വിശദാംശം, ഓരോ ഗുണഭോക്താവിന്റെയും എസ്റ്റിമേറ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/25-9-21) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-20 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

സ.ഉ.(കൈ) നം.11/തസ്വഭവ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപനമേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡ്-റോഡിതര സംരക്ഷണ ഗ്രാന്റിനത്തിൽ തൻവർഷം ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 59 | 40 | 15519000 | 12522816 | 80.69% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 31 | 25 | 7742582 | 6022464 | 77.78% |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നിരവധി പുറമ്പോക്ക് സ്ഥലങ്ങളും, കുളങ്ങളും ഒക്കെ ശരിയായ പരിശോധനകൾ നടത്താത്തതു കാരണം സ്വകാര്യ വ്യക്തികൾ കൈയ്യേറുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ പുതുതായി നിർമ്മിച്ചിട്ടുള്ള റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലങ്ങൾ എന്നിവ കൃത്യമായി ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിലെ ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും നാളിതുവരെ ആർജ്ജിച്ച ആസ്തികൾ പൂർണ്ണമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലാനുസൃതമാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി എല്ലാ പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക എന്നിവയും ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമാകേണ്ടതാണ്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷികവിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ആസ്തിസംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽപെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തിരജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

## 1-21 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ-പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിലെ പഴയ ബൾബ്, ട്യൂബ്, സി.എഫ്.എൽ എന്നിവ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനായി 3 വർഷം കൊണ്ട് പൂർത്തിയാക്കുന്ന വിധത്തിൽ 19-20 ൽ ആരംഭിച്ച ബഹുവർഷ പ്രോജക്ടിൽ 19-20,20-21 വർഷങ്ങളിലായി താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. കേടായ ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നതെ ങ്കിലും 24-10-2019 തീയ്യതിയിലെ 178/19 നംപർ ഭരണസമിതി തീരുമാന പ്രകാരം 1051 പഴയ വിളക്കുകൾ മാറ്റി LED സ്ട്രീറ്റ് ലൈറ്റാക്കി മാറ്റുന്നതിന് ബഹുവർഷ പ്രോജക്ടായി പ്രോജക്ട് ഭേദഗതി ചെയ്തിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ടിന്റെ പേര്,നമ്പർ | ചെക്ക് നമ്പർ/ ബിൽ നം,തിയ്യതി | ചെലവ് തുക/ ഫണ്ടിനം |
|---|---|---|---|
| 1 | സ്ട്രീറ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണി 16/20 | 1856726/31-3-20 | 76040 (തനതു ഫണ്ട്) |
| 2 | സ്ട്രീറ്റ് ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണി 286/21 | 4/20-5-20<br>34/04.03.2021<br>35/06.03.2021 | 1227200<br>488715<br>488715<br>(സി.എഫ്.സി ഗ്രാന്റ്) |
| | ആകെ | | 2280670 |

മേൽ പ്രൊജക്ടുകൾ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ,കൊല്ലം (UEIL) കമ്പനിയിൽ നിന്നും 1051 (25w LED Manual Street Light With All Accessories And Installation)ലൈറ്റുകൾ വാങ്ങി സ്ഥാപിച്ചതായി കാണുന്നു. വിളക്കിന് 3 വർഷ വാറന്റിയാണ് കമ്പനി നൽകിയിരിക്കുന്നത്. ഒരു ലൈറ്റിന് 3100/-രൂപ തോതിൽ ആകെ 3258100 രൂപയാണ് പ്രോജക്ട് ചെലവ്.19-20 40% തുകയായ 1303240 രൂപയും 20-21 ൽ 30% തുകയായ 977430 രൂപയും 21-22ൽ 30% തുകയായ 977430 രൂപയും നൽകുന്നതിനാണ് പ്രോജക്ടിൽ ലക്ഷ്യമിടുന്നത്. പദ്ധതി ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും അപാകതകൾ ചുവടെ കൊടുക്കുന്നു.

എ)പദ്ധതി ആസൂത്രണത്തിനുമുമ്പ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകകളുടെ കണക്കെടുപ്പ് നടത്തിയതായി കാണുന്നില്ല.

ബി)മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

സി) 25-9-2021 ന് അക്കൗണ്ടന്റിന്റെ സാനിധ്യത്തിൽ പരിശോധന നടത്തിയപ്പോൾ കമ്മ്യൂണിറ്റി ഹാളിലെ ഒരു ഷോപ്പ് മുറിയിൽ പഴയ തെരുവുവിളക്കുകളും സ്പെയർ പാർട്സുകളും കൂട്ടിയിട്ടിരിക്കുന്ന തായി കണ്ടു. ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ഏതെല്ലാം സ്പെയർപാർട്സുകളാണ് മാറ്റിയതെ ന്നോ മാറ്റിയവയുടെ രജിസ്റ്ററോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഡി)UEIL വിതരണം ചെയ്ത ലൈറ്റുകളുടെ ബ്രാന്റ് നെയിം ബില്ലിൽ വ്യക്തമാക്കിയിട്ടില്ല.

ഇ)സ്ട്രീറ്റ് ലൈറ്റ്,സെൻസേഴ്സ്, പൈപ്പുകൾ, നട്ട്, ബോൾട്ട് സെറ്റ് എന്നിവ ഉൾപ്പെടെ ഒരു സെറ്റിന്റെ വിലയാണ് 3100/-രൂപ. എന്നാൽ മാറ്റി സ്ഥാപിച്ച എല്ലാ ലൈറ്റുകൾക്കും (കേടായതും മാറ്റിയതുമായ സ്പെയറുകൾ പരിഗണിക്കാതെ) 3100/-രൂപ നൽകിയതായി കാണുന്നു.

എഫ്) 12-11-19 ന് UEIL മായി വച്ച എഗ്രിമെന്റിലെ നിബന്ധന 10 പ്രകാരം എഗ്രിമെന്റിന്റെ കാലയളവ് ഓരോ വർഷവും പുതുക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം എഗ്രിമെന്റ് കാലഹരണപ്പെടുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എഗ്രിമെന്റ് വച്ച തീയ്യതി മുതൽ നാളിതുവരെ പുതുക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(9/28-9-21) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്. 2020-21 ൽ ചെലവഴിച്ച 2204630 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-22 തെരുവു വിളക്കുകളുടെ വാർഷിക മെയിന്റനൻസ്-പ്രോജക്ട് നിർവ്വഹണം അപാകതകൾ

പ്രോജക്ട് നം. : 177/21 (സ്പിൽ ഓവർ)

അടങ്കൽ തുക : 2,00,000/- രൂപ(സി.എഫ്.സി ഗ്രാന്റ് )

ചെലവു തുക : 2,00,000/- രൂപ(സി.എഫ്.സി ഗ്രാന്റ് )

ബിൽ നം :5/20-5-20

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ വാർഷിക മെയിന്റനൻസ് നടത്തുന്നതിനായി 22-9-18ന് റീടെണ്ടർ ക്ഷണിച്ചതിൽ3 ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് ലൈസൻസുള്ള ശ്രീ.ശിവദാസൻ.വി. എന്നിവരുടെ ടെണ്ടർ ഭരണസമിതി അംഗീകരിക്കുകയുണ്ടായി (17-10-18ലെ 224/18 നം.തീരുമാനം). ട്യൂബ് ഒന്നിന് 860/-രൂപയും, സിഎഫ്.എല്ലിന് 800/-രൂപയും, ബൾബിന് 600/-രൂപയുമാണ് റിപ്പയർ ചാർജ്ജായി ടിയാൻ ക്വാട്ടുചെയ്തിട്ടുള്ളത്. 5-11-18ന് കരാർവെച്ച് പ്രവൃത്തി ആരംഭിച്ചു കാണുന്നു. മെമ്പർമാരുടെ സാക്ഷ്യപത്രം പ്രകാരം ആകെ 426 വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ട്. ഇതിനായി പ്രൊജക്ടിൽ വകയിരുത്തിയ 2,00,000/-രൂപയിൽ പരിമിതപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

1.തെരുവു വിളക്കുകളുടെ റിപ്പയറും മെയിന്റനൻസും ടെണ്ടറിലൂടെ നടപ്പാക്കുന്നതു സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം (സർക്കുലർ ന.3055/ഡിഎ.3/2011/ത.സ്വ.ഭ.വ/തീ.15.09.2011) പ്രവൃത്തികൾ ക്കുപയോഗിക്കുന്ന സാമഗ്രികൾ ഐ.എസ്.ഐ നിലവാരത്തിലുള്ളതും സാമഗ്രികളുടെ നിരക്ക് വൈദ്യുതി ബോർഡിന്റെ നിരക്കിനെക്കാൾ കൂടാൻ പാടില്ലാത്തതുമാണ്. എന്നാൽ വൈദ്യുതി ബോർഡിന്റെ നിരക്ക് ലഭ്യമാക്കി കരാറുകാരന്റെ നിരക്കുമായി

താരതമ്യം ചെയ്യാതെയും സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പവരുത്താതെയു മാണ് മേൽ ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്.

2. എഗ്രിമെന്റിലെ വ്യവസ്ഥ 3 പ്രകാരം കെ.എസ്.ഇ.ബി.ജീവനക്കാരുടെ മേൽനോട്ടത്തിൽ ജോലി നിർവ്വഹിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

3. കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കുവാൻ കരാറിന്റെ പ്രാരംഭ ഘട്ടം മുതൽ സ്ഥാപനത്തിന്റെയും ബോർഡിന്റെയും അധികാരികളും കരാറുകാരനും സംയുക്ത പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള പരിശോധന നടന്നിട്ടില്ല.

4. പഴയ കേടുവന്ന ലൈറ്റുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ഏതെല്ലാം സ്പെയർപാർട്ടുകളാണ് മാറ്റിയതെ ന്നോ മാറ്റിയവയുടെ രജിസ്റ്ററോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

തെരുവു വിളക്കു പരിപാലനവുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(3/24-9-21) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വ്യക്തമായ രേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്. ചെലവു തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-23 പെർമിറ്റും വാല്യേഷനുമില്ലാതെ പഠനമുറിക്ക് ധനസഹായം നൽകി.

പ്രോജക്ട് നം :126/21

നിർവ്വഹണ ഉദ്യോഗസ്ഥ :അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തിയ തുക :1000000(വികസന ഫണ്ട് SCP)

ചെലവ് : 1000000(വികസന ഫണ്ട് SCP)

ബിൽ നം : 24/18-12-19 300000

: 25/10-3-21 75000

: 28/26-3-21 375000

17/19-2-21 200000

19/19-2-21 50000

പ്രോജക്ട് മുഖേന 5 പേർക്ക് 2ലക്ഷം രൂപ വീതം ആകെ 10 ലക്ഷം രൂപ എസ്.സി വിദ്യാർത്ഥികൾക്ക് തൻവർഷം ധനസഹായം നൽകിയിട്ടുണ്ട്. അതിൽ നന്ദന.ടി, കാളഞ്ചേരി മീത്തൽ എന്ന വിദ്യാർത്ഥിക്ക് അവരുടെ വീടിനോടു ചേർന്ന്(വീട്ടു നമ്പർ 13/204 എ) നിർമ്മിച്ച പഠനമുറിക്ക് പെർമിറ്റും വാല്യേഷനുമില്ലാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്.2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7 ,11 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ പണിയിൽ കൂട്ടിച്ചേർത്തലുകൾ വരുത്താനോ വിപുലീകരിക്കാനോ പഞ്ചായത്തിന്റെ പെർമിറ്റ് വാങ്ങേണ്ടതാണ്.സ.ഉ(കൈ ) നം.22/2018/ത.സ്വ.ഭ.വ,തീയ്യതി 14-2-2018 സബ്സിഡി മാർഗ്ഗരേഖ ഖ 7.2.17 പ്രകാരം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തി ലാണ് പഠനമുറിക്ക് ധനസഹായം നൽകേണ്ടത്.കെട്ടിട നിർമ്മാണ ചട്ടങ്ങളും സബ്സിഡി മാർഗ്ഗരേഖയും പാലിക്കാതെ ധനസഹായം നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവ ശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/28-9-21) മറുപടി നൽകിയിട്ടില്ല. ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും പെർമിറ്റും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും വാല്യേഷനും ലഭ്യമാക്കി പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## 1-24 ഓവർ ഹെഡ് ചാർജ് അനുവദിക്കുന്നതിലെ അപാകതകൾ

മോർഡ് സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഓരോ ഇനത്തിലും ഓവർഹെഡ് ചാർജ്ജും, കരാറുകാരന്റെ ലാഭവും 10% വീതവും, കൂടാതെ, കോസ്റ്റ് ഇൻഡക്സും ഉൾപ്പെടുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇത് മുഖേന തയ്യാറാക്കിയ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ ഡാറ്റാ പരിശോധിച്ചതിൽ 10% ഓവർ ഹെഡ്ഡ് ചാർജ്ജും 10% കോൺട്രാക്ടറുടെ ലാഭവും കോസ്റ്റ് ഇൻഡെക്സും ഉൾപ്പെടുത്തിയാണ് എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയതെന്ന് വ്യക്തമാണ്. സ്റ്റാന്റേർഡ് ഡാറ്റാ

ബുക്കിൽ മോർഡ് പ്രകാരമുള്ള വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർ ഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം പ്രതിപാദിച്ചിട്ടുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20% ഉം ഓവർഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ച കൊണ്ടാണ്.

ഒരു വലിയ റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാൻ സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിലുള്ള റോഡുകൾക്ക് ദൈർഘ്യവും വീതിയും കുറവാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വേണ്ടി വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വഹിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ്‌വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധേയമാണ്.

അനർഹമായി ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് സംബന്ധിച്ച് മുൻവർഷ റിപ്പോർട്ടിലും പരാമർശം ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഭാവിയിൽ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങളുടെ നിരക്കുകൾ കണക്കാക്കുമ്പോൾ മേൽ സൂചിപ്പിച്ച അപാകത ഒഴിവാക്കേണ്ടതാണ്.

### 1-25 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

അടങ്കൽ :-1,50,000/-(സംരക്ഷണഗ്രാന്റ് റോഡിതരം)

ചെലവ് :- 1,50,000/-(ബിൽ നം.242/14.1.21 )

മേൽ ബിൽ മുഖാന്തിരം ഹോമിയോ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി തുക ഹോമിയോ മെഡിക്കൽ ഓഫീസർ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. നാളിതുവരെ 101082 രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. 48918 രൂപയുടെ മരുന്ന് ഇനിയും കിട്ടാനവശേഷിക്കുന്നു. പ്രസ്തുത മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 7/25.9.2021) മറുപടി നൽകിയിട്ടില്ല. മരുന്ന് നാളിതുവരെ ലഭ്യമല്ലാത്തതിനാൽ 48918 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

### 1-26 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% ശതമാനം ബന്ധപ്പെട്ടവർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്.ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ 1% ഇതിന്റെ കളക്ഷൻ ചാർജ്ജ് ഇനത്തിൽ അതാത് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ,2020-21വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമനിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെ ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഫണ്ടിലേക്കുള്ള വരവിനമായ കളക്ഷൻ ചാർജ് ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (13/20-21തിയ്യതി 28.09.21)മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള കളക്ഷൻചാർജ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-27 പൊതു മരാമത്ത് പ്രവൃത്തികൾ- നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് തൻവർഷം 83 പുതിയ പദ്ധതികളും, 102 സ്പിൽ ഓവർ പദ്ധതികളും ചേർത്ത് ആകെ 185 പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. 154 പദ്ധതികൾ നടപ്പാക്കി. ഇവയിൽ 59 പുതിയ പദ്ധതികളും 95 സ്പിൽഓവർ പ്രവൃത്തികളുമാണ് നടപ്പാക്കിയിട്ടുള്ളത്. 31 പദ്ധതികൾ നടപ്പാക്കിയിട്ടില്ല. നടപ്പാക്കാൻ കഴിയാതെ പോയ പ്രവൃത്തികൾക്കുവേണ്ടി വകയിരുത്തിയ പദ്ധതി തുകകൾ പഞ്ചായത്തിന്

നഷ്ടമായി. കൂടാതെ ഈ വർഷത്തെ ഫണ്ടിൽ നിന്ന് 95 സ്പിൽ ഓവർ പ്രവൃത്തികൾക്ക് തുക വകയിരുത്തി ചെലവഴിയ്ക്കേണ്ടതായി വന്നിട്ടുണ്ട്.

ഇത് കൂടാതെ, അംഗീകാരം വാങ്ങിയ 185 പൊതുമരാമത്ത് പ്രവൃത്തികളിൽ 177 പദ്ധതികളും 5,00,000 ലക്ഷത്തിൽ കുറവ് അടങ്കൽ വരുന്നവയാണ്. ഈ രീതിയിൽ ചെറിയ അടങ്കലിനുള്ള പദ്ധതികളുടെ ടെണ്ടർ നടപടികൾ മാന്വൽ രീതിയിലാണ് നടത്തുന്നത്. 2020-21 വർഷങ്ങളിലെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചാൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ കുറവാണെന്ന് കാണാം. 2020-21 വർഷത്തെ ടെണ്ടർ രജിസ്റ്റർ പ്രകാരമുള്ള 72 പ്രവൃത്തികളുടെയും ടെണ്ടറിൽ രണ്ട് പേരാണ് പങ്കെടുത്തിട്ടുള്ളത്. രണ്ട്പേർ പങ്കെടുത്തിട്ടുള്ള മിക്ക പ്രവൃത്തികൾക്കും ക്വാട്ട് ചെയ്ത കുറവു നിരക്ക് എസ്റ്റിമേറ്റ് നിരക്കുമാണ്.

1. <u>സൈറ്റ് പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.</u>

ഒരു പ്രവൃത്തിയ്ക്കായി ഡിറ്റയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച് വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. 2012 ലെ പുതുക്കിയ PWD മാന്വലിലെ സെക്ഷൻ 1601.1.2(Ii) ൽ പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളും സെക്ഷൻ 2601 മുതലുള്ള ഭാഗത്ത് മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. പ്രധാനമായും റോഡുകളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെ യാണ് എസ്റ്റിമേറ്റുകൾ പലതും തയ്യാറാക്കിയിരിക്കുന്നത്. ഇത് പലപ്പോഴും എസ്റ്റിമേറ്റുകൾ പുതുക്കേണ്ടി വരുന്നതിന് കാരണമാകുന്നു. സൈറ്റ് കണ്ടീഷൻ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന് ആധാരമാക്കിയ അളവുകളിലെ വ്യത്യാസം എന്നിവ കാരണമാണ് മിക്ക എസ്റ്റിമേറ്റുകളും പുതുക്കേണ്ടി വന്നിട്ടുള്ളത്. ഉദാഹരണമായി, കുനിയിൽ താഴം ഫുട്പാത്ത്(111/21) എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തത് ഇരുഭാഗത്തും സംരക്ഷണഭിത്തി ആയിരുന്നു. എന്നാൽ ഒരു ഭാഗത്ത് മാത്രമേ സംരക്ഷണഭിത്തി ആവശ്യമുള്ളൂ എന്നതിനാൽ ബാക്കിഭാഗം കോൺക്രീറ്റ് ചെയ്യുന്നതിനായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു.(തീരുമാനം 156/20(8) 04.11.2020)

മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലും അപാകതയുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ റോഡുകളുടെ പ്രവൃത്തി എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. സൈറ്റിന്റെ നിലവിലെ അവസ്ഥയെ ന്തെന്നും പരാമർശിക്കുന്നില്ല.

2 <u>പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നില്ല</u>

ഗ്രാമപഞ്ചായത്തിൽ തൻ വർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവർത്തി ഫയലുകളിൽ മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രൊജക്റ്റ് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ് . പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവൃത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

3. <u>മറ്റ് പ്രധാന അപാകതകൾ</u>

1. മിക്ക പ്രവൃത്തികളുടെയും ഫയലിൽ സെലക്ഷൻ നോട്ടീസ് , സൈറ്റ് കൈമാറിയതിന്റെ രേഖകൾ എന്നിവയില്ല. സെലക്ഷൻ നോട്ടീസ് ഉൾപ്പെടുത്തിയവയുടെ കാര്യത്തിൽ സെലക്ഷൻ നോട്ടീസുക ളിൽ തിയ്യതി , അവ കരാറുകാർ കൈപ്പറ്റിയ തിയ്യതി, സൈറ്റ് കൈമാറിയ രേഖയിൽ സൈറ്റ് പ്രവൃത്തിയ്ക്കായി കൈമാറിയ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല.

3. ടെണ്ടർ രജിസ്റ്ററിൽ പ്രവൃത്തികളുടെ ടെണ്ടർ തിയ്യതികൾ പലപ്പോഴും എഴുതുന്നില്ല.

4. പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറുകളിൽ പരാമർശിക്കുന്നില്ല. പകരം, പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുമായി ചമയ്ക്കുന്ന കരാറിൽ പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്ന നിബന്ധനയാണുള്ളത്. എന്നാൽ പ്രവർത്തന കലണ്ടർ കരാറിനോടൊപ്പം

അടക്കം ചെയ്തിട്ടില്ല. നിർദ്ദിഷ്ട സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ കരാറിനോടൊപ്പം പ്രവൃത്തി പൂർത്തീകരണ തീയതി ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ ഇത് സാധ്യമാകുന്നില്ല.( ജി. ഒ(പി)13/2012/പി.ഡബ്ല്യൂ.ഡി, തീയതി 01.02.2012 സെക്ഷൻ 2112, 2112-1)

5. പുതിയ നിർമ്മിതികളുടെ കാര്യത്തിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയത്/ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

6. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

7. പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

8. ജി.ഒ. (എം.എസ്)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7-13 പ്രകാരം റോഡ് കണക്ടി വിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. അത്തരത്തി ലൊരു റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

9. മുഴുവൻ പ്രവൃത്തികളുടെയും എം. ബുക്കിൽ മെമ്മോ ഓഫ് പെയ്മന്റ് രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/20-21 തീ. 29.09.21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിശോധിച്ച് പരിഹരിച്ചതിന് ശേഷം വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-28 മുൻ കാല ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,1996 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം – വകുപ്പ് 215(4)), 1996ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, (1997 കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15, 21(1)(2) എന്നിവ പ്രകാരം ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് പരാമർശം ഒഴിവാക്കുന്നതിന് വേണ്ടത്ര ശ്രദ്ധ സ്ഥാപനം പുലർത്തുന്നില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ ചില പരാമർശങ്ങളിൻമേൽ തുടർ വർഷങ്ങളിൽ അപാകത പരിഹരിച്ചിട്ടുണ്ടെന്ന മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം മറുപടികളുടെ നിജസ്ഥിതി പരിശോധിച്ചപ്പോൾ അപാകതകൾ പരിഹരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും തുടർ വർഷങ്ങളിലും അപാകത ആവർത്തിക്കപ്പെടുന്നുണ്ടെന്നും വ്യക്തമായിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള നടപടികൾ സമയ ബന്ധിതമായി ചെയ്യാത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. 2016-17, 2017-18, 2018-19 വരെയുള്ള മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ തുടർനടപടികൾ പരിശോധിച്ചത് പ്രകാരമുള്ള അഭിപ്രായം താഴെ ചേർക്കുന്നു.

2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ 14/11/2017 ന് കൈപ്പറ്റിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ 15/01/2018 ന് പ്രഥമ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. A1/5605/2020 തി. 18/02/2021 പ്രകാരം നല്കിയ മറുപടി റിപ്പോർട്ടിന് ശേഷം, രണ്ട്, മൂന്ന് പാർട്ടുകളിലായി ആകെ 14 ഖണ്ഡികകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു.

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 23/03/19 ന് സ്ഥാപനം കൈപ്പറ്റിയെങ്കിലും പ്രഥമ മറുപടി 01/02/2020ന് A12423/19 നമ്പരായി ലഭ്യമാക്കിയിട്ടുണ്ട്. പാർട്ട് 2, 3 എന്നിവയിലായി ആകെ 21 പരാമർശങ്ങളിൽ A1471/21തി.19/02/2021 പ്രകാരം 8ഖണ്ഡികകൾ അവശേഷിക്കുന്നു.

2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 22/09/2020 ന് പുറപ്പെടുവിച്ചു. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രഥമ മറുപടി 10/01/21നാണ് സമർപ്പിച്ചത്. 31 ഖണ്ഡികകളിൽ 8 എണ്ണം A1/5762/20 തി. 12/01/2021 ന് സമർപ്പിച്ച പ്രഥമ മറുപടി പ്രകാരം തീർപ്പാക്കി.

ഓഡിറ്റ് പരാമർശങ്ങളിൽ തുടർ നടപടികൾ ഇല്ലാത്തതും പരാമർശങ്ങളെ ഗൗരവമായി സമീപിക്കാത്തതും അപാകതകൾ പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങളില്ലാത്തതും ഗുരുതരമായ ചട്ട

ലംഘനമാണ്. ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## ഭാഗം -2

### 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകത- നികുതി നഷ്ടത്തിന് ഇടയാക്കുന്നു.

ഫയൽ നമ്പർ-A4/6810/20 തീയതി 08-01-2021

കെട്ടിട നമ്പർ-730

ശ്രീ റഫീഖ് & അൽസിത്ത്, മോരിക്കര എന്നവരുടെ ഉടമസ്ഥതയിലുള്ള കൊമേഴ്സ്യൽ കെട്ടിടത്തിന്റെ തറനില 271.41 ച.മീറ്റർ നിർമ്മാണം പൂർത്തീകരിച്ചപ്പോൾ ച.മീറ്ററിന് 80/-രൂപ പ്രകാരം (200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ) നികുതി നിശ്ചയിച്ചതായി A4/3869/20 എന്ന ഫയലിൽ നിന്നും വ്യക്തമാണ്. എന്നാൽ ഇതേ കെട്ടിടത്തിന്റെ ഒന്നാംനിലയിൽ 370.6 ച.മീറ്റർ നിർമ്മാണം പൂർത്തീകരിച്ച് നികുതി നിർണ്ണയിച്ച പ്പോൾ ച.മീറ്ററിന് 50/-രൂപ പ്രകാരമാണ് നികുതി കണക്കാക്കിയിട്ടുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | ഏരിയ | നിശ്ചയിച്ച നികുതി |
|---|---|---|
| 730K | 131.4 | 7490(LS ഒഴികെ) |
| 730L | 114.06 | 6502(LS ഒഴികെ) |
| 730M | 125.14 | 7134(LS ഒഴികെ) |

| | |
|---|---|
| ച.മീറ്ററിന് 80/-രൂപ പ്രകാരം ഈടാക്കേണ്ട നികുതി | 370.6x80=29648 |
| വർദ്ധനവ് 20% | 5929.60 |
| ചട്ടം 9.5 പ്രകാരം ഇളവ് | (-)1778.88 |
| ലൈബ്രറിസെസ്സ് 5% | 1690 |
| ആകെ | 35489 |
| ഈടാക്കിയ നികുതി (LSഉൾപ്പെടെ) | 22184 |
| നികുതിയിനത്തിൽ കുറവ് | 13305 |

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(8/20-21തിയ്യതി28.09.21) പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിക്കേണ്ടതും നികുതിയിനത്തിൽ നഷ്ടം വന്ന തുക 13305/-രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

### 3-1 ദി ക്രാഡിൽ പദ്ധതി-നിർവ്വഹണം കാര്യക്ഷമമല്ല.

കോഴിക്കോട് ജില്ലയിലെ ഐ.സി.ഡി.എസ്.പദ്ധതിയുടെ സമഗ്രവികസനത്തിനായി ജില്ലാ ഭരണകൂടവും, വനിത ശിശുവികസന വകുപ്പും, ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് "ദി ക്രാഡിൽ' . സ്ത്രീകളുടെയും കുട്ടികളുടെയും ശാരീരിക മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക, പ്രീ സ്കൂൾ കുട്ടികളുടെ പ്രായത്തിനും വികാസത്തിനും അനുയോജ്യമായ സൗകര്യങ്ങളും സാഹചര്യങ്ങളും സൃഷ്ടിച്ചുകൊണ്ട് അങ്കണവാടികളെ മെച്ചപ്പെട്ട ശിശുവികസന കേന്ദ്രങ്ങളാക്കി മാറ്റുക, കുട്ടികളുടെ ശേഷികൾ വിലയിരുത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ വികസിപ്പിക്കുക, അങ്കണവാടി സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിന് സഹായകമായ സൗകര്യങ്ങൾ വികസിപ്പിക്കുക, ഗർഭിണികളുടെയും കൗമാരക്കാരുടെയും ശാരീരികമാനസിക അവസ്ഥ സ്വയം വിലയിരുത്തുന്നതിന് സഹായകമായ ടൂൾസ് വികസിപ്പിക്കുക, അങ്കണവാടി പ്രവർത്തകർ, സ്കൂൾ കൗൺസിലർമാർ എന്നിവരുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 ൽ ക്രാഡിൽ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ഒരു അങ്കണവാടി നവീകരിക്കുന്നതി നായി താഴെ കൊടുത്ത പ്രകാരം സ്പിൽ ഓവറായി പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം/ പേര് | ചെലവു തുക | ഫണ്ടിനം | ബിൽ നംപർ |
|---|---|---|---|
| ക്രാഡിൽ 187/21 | 225000 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 37/11-4-20 |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 225000രൂപ ഉപയോഗിച്ച് താഴെ കൊടുത്തിരിക്കുന്ന സാധനങ്ങളും/ സേവനങ്ങളും ആർട്കോയിൽ നിന്നും 245/7-2-2020എന്ന ക്യാഷ് ബിൽ പ്രകാരം വാങ്ങിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നംപർ | ഇനം | എണ്ണം | വില (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|
| 1 | Colourful Play Mat | 49 | 11448.3 |
| 2 | Alphabet Mat $ Number Mat | 36 | 1612.8 |
| 3 | Trust Bin Outdoor $ Indoor | 1 | 2464 |
| 4 | Vegetable Garden Stand Set | 1 | 14915.2 |
| 5 | Bamboo Setting | 5 | 2572.5 |
| 6 | Rocker | 1 | 2228.8 |

| | | | |
|---|---|---|---|
| 7 | Ride On | 1 | 1780.8 |
| 8 | Outdoor Football $ Turff | 1 | 37996 |
| 9 | Book Shelf | 1 | 4932.4 |
| 10 | Super Slide | 1 | 8400 |
| 11 | Outdoor Grass Planting | 1 | 28224 |
| 12 | Learning Kit | 1 | 8388.8 |
| 13 | Indoor Toy Bin | 1 | 2336.4 |
| 14 | Painting With Art Work | 1 | 29366.4 |
| 15 | Digital Classroom It Includes 32 Inch Full Hd Crystal TV | 1 | 16756 |
| 16 | Sea Saw | 1 | 15232 |
| 17 | Front Round Table | 3 | 14124.6 |
| 18 | Baby Chair | 15 | 6018 |
| 19 | Activity Cube | 1 | 1422.4 |
| 20 | Easel Wooden | 1 | 7000 |
| 21 | Home Theatre Sound System With 5.1 Channel ,Multi Media Rhymes Song Stories | 1 | 6254 |
| | ആകെ | | 223473.4 |
| | സെസ്സ് | | 1961.97 |
| | ആകെ തുക | | 225435.37 |
| | നൽകിയ തുക | | 225000 |

മേൽ കാണിച്ച ക്യാഷ് ബിൽ പ്രകാരം പടിഞ്ഞാറ്റുംമുറി അങ്കണവാടിയിൽ (സെന്റർ നം.148) വിവിധ സാധനങ്ങൾ ലഭ്യമാക്കിയതിനും പ്രവർത്തികൾ നിർവ്വഹിച്ചതിനും 225000 രൂപ ആർട്കോയ്ക്ക് നൽകിയിട്ടുണ്ട്. 25-9-2021 ന് ഐ.സി.ഡി.എസ്.സൂപ്പർവൈസറുടെ സാന്നിധ്യത്തിൽ അങ്കണവാടിയിൽ പരിശോധന നടത്തിയപ്പോൾ താഴെ കാണിച്ച ഇനങ്ങളും പ്രവർത്തിയും അങ്കണവാടിയിൽ ലഭിച്ചിട്ടില്ല/ ചെയ്തിട്ടില്ലെന്ന് കണ്ടു.

| ക്രമ നംപർ | ഇനം | എണ്ണം | വില |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | Alphabet Mat $ Number Mat | 36 | 1612.8 |
| 2 | Trust Bin Outdoor $ Indoor | 1 | 2464 |
| 3 | Bamboo Setting | 5 | 2572.5 |
| 4 | Super Slide | 1 | 8400 |
| 5 | Outdoor Grass Planting | 1 | 28224 |
| | | ആകെ | 43273.3 |

പണം നൽകിയപ്പോൾ മേൽ കാണിച്ച 5 ഇനങ്ങൾ കൂടി ഉൾപ്പെടെയുള്ള വിലയാണ് ആർട്കോയ്ക്ക് നൽകിയിരിക്കുന്നത്.

അങ്കണവാടിയിൽ ലഭിക്കാത്ത സാധനങ്ങൾക്കും ചെയ്യാത്ത പ്രവൃത്തികൾക്കുമായി നൽകിയ 43273/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 400000 | അങ്കണവാടി പോഷകാഹാരം | 400000 | 0 |
| | | 42500 | ജൈവ പച്ചക്കറി കൃഷി | 42500 | 0 |
| | | 230000 | നെൽകൃഷി വികസനം | 230000 | 0 |
| | | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 350000 | 0 |
| | | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | | 480000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 480000 | 0 |
| ജില്ല പഞ്ചായത്ത് | 2020-21 | 276000 | നെൽകൃഷി വികസനം | 276000 | 0 |
| | | 33000 | സുഫലം-ഫലവൃക്ഷതൈ വിതരണം(വനിത) | 33000 | 0 |
| | | 600000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് | 600000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| | | 150000 | മുട്ടഗ്രാമം | 150000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| | | 255000 | ക്ഷീരഗ്രാമം ഡയറി യൂണിറ്റ് പദ്ധതി | 255000 | 0 |
| | | 175000 | പോത്തുകുട്ടി ഗ്രാമം | 175000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ജൽജീവൻ മിഷൻ | 500000 | 0 | 500000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി(കെ.യു. ആർ.ഡി.എഫ്.സി ലോൺ) | | 2020-21 | 0 | 2600142 | 1069451 | 0 | 1530691 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി, ഓമശ്ശേരി | 4.8.1988 | | 2,500 | |
| 2 | കോഴിക്കോട് ജില്ലാ ഫാർമേഴ്സ് സീഡ്സ് വിപണന കേന്ദ്രം, ഓമശ്ശേരി | 20.2.1986 | | 500 | |
| ആകെ | | | | 3,000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5525 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-11 | 4000 | വിനോദ്കുമാർ, കോൺട്രാക്ടർ | 120050101384 തീയതി 28.7.20 |
| 2018-19 | 3-2 | 1525 | കാഡ്കോ,കോഴിക്കോട് | 120050107364തീയതി 20.2.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2004-05 | 11.1.3.11 | നികുതിപിരിവിൽ അലംഭാവം | പരാർശം തുടരുന്നു |
| 2000-01 | | 2004-05 | 11.1.3.51 | നികുതിപിരിവിൽ അലംഭാവം | പരാർശം തുടരുന്നു |
| 2001-02 | | 2005-06 | 2.70.14.28 | നികുതിപിരിവിൽ അലംഭാവം | LFAC(2014-16) 51-ാമത് റിപ്പോർട്ട് ഖണ്ഡിക 40 പ്രകാരം ഒഴിവാക്കാൻ ശുപാർശ ചെയ്തു. |
| | | 2013-14 | 6.3.1 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | പരാർശം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം - 4 | തൊഴിൽ നികുതി അപാകതകൾ | “ |
| 2016-17 | 2-7 | 2017-18 | 1.11.7 | വസ്തുനികുതിയിൽ നഷ്ടം | “ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 106451148 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97082418 |
| വരവിനങ്ങളിലുള്ള നഷ്ടം | 13305 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 43273 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3110275 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |
| 2-1 | 13305 | - | ശ്രീ.യു.കെ.രാജൻ ,സെക്രട്ടറി |
| 3-1 | - | 43273 | ശ്രീമതി.അമിത.എം.കേളപ്പൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 181727 | ശ്രീമതി.അമിത.എം.കേളപ്പൻ, |

| | | |
|---|---|---|
| | | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-19 | 500000 | ശ്രീ.യു.കെ.രാജൻ ,സെക്രട്ടറി |
| 1-21 | 1227200<br>977430 | ശ്രീമതി ജയസുധ.കെ.എ ,സെക്രട്ടറി<br>ശ്രീ.യു.കെ.രാജൻ ,സെക്രട്ടറി |
| 1-22 | 200000 | ശ്രീമതി ജയസുധ.കെ.എ ,സെക്രട്ടറി |
| 1-25 | 48918 | ഡോ.ജയാന.എ.എം ,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.യു.കെ.രാജൻ ,സെക്രട്ടറി | സെക്രട്ടറി,കക്കോടി ഗ്രാമപഞ്ചായത്ത് | അമ്പാടി(H), എഴുത്തച്ചൻകണ്ടി പറമ്പ്, മേരിക്കുന്ന് പി.ഒ |
| ശ്രീമതി.അമിത.എം.കേളപ്പൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കക്കോടി ഗ്രാമപഞ്ചായത്ത് | മാക്കൽ, അഭയഗിരി പി.ഒ, വളയം- 673517 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന | റിമാർക്സ് |
|---|---|---|---|

| വർഷം | | ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1983-84 | എൽ. എഫ്.കെ. കെ.ഡി.പി.2/ 1481/09(1)തി.29.04.10 | 5 | 11(2),11(3),21(9),23, 26 |
| 1997-98 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(1)/ തി.04.02.21 | 1 | 40 ( D) |
| 1998-99 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(2) തി.09.02.21 | 12 | 25,33,34,35,41,44,45,46,51 |
| 1999-00 ഡി.സി.ബി | കെ.എസ്.എ.കെ.കെ.ഡി. പി.10/1001/2018(3) തി.09.02.21 | 4 | 9.10,11,12 |
| 1999-00 പ്ലാൻ | എൽ. എഫ്.കെ. കെ.ഡി.പി.10/ 1001/2018(9) തി.09.02.21 | 13 | 10, 14(1), 14(2), 14(3), 14(4), 15, 16(2), 16(3), 16(4), 16(5), 17(1)B, 17(1)C, 17(2) |
| 2000-01 പ്ലാൻ | കെ.എസ്.എ.കെ കെ.ഡി.പി.10/ 1001/2018(5)തി.09.02.2021 | 5 | 11(3),21(1), 21(2), 22(1), 24(1) |
| 2001-02 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(6) തി.12.02.21 | 1 | 3-10(2) |
| 2001-02 (പ്ലാൻ) | എൽ. എഫ്.കെ. കെ.ഡി.പി.2/ 1206/14തി.15.06.15 | 1 | 6 |
| 2002-03 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(7) തി.12.02.21 | 8 | 2-1,2-2,2-3,3-1,3-2, 3-3,3-5,3-17 |
| 2003-04 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(9) തി.12.02.21 | 4 | 3-6, 3-7, 3-9, 4-2 |
| 2004-05 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(8) തി.12.02.21 | 14 | 2-2, 2-4, 3-1, 3-6, 3-8, 3-9, 3-12, 3-15,3-16, 3-17, 3-18,4-8 |
| 2005-06 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(10) തി.12.02.21 | 8 | 3-3, 3-4, 3-6(2), 3-8,3-9, 3-10, 3-13, 3-15,3-16 |

| | | | |
|---|---|---|---|
| 2006-07 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(11) തി.12.02.21 | 21 | 1-D, 2-5, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-21(1), (2), 3-22, 3-23, 3-24 (7), 4-3, 4-7 |
| 2007-08 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(12) തി.16.02.21 | 32 | 2-3(1,3,4),2-4(1), 2-6, 2-7, 2-8,2-9, 3-1, 3-2(Ac),3-3,3-4,3-5, 3-6,3-7(3),3-8,3-9,3-10, 3-13, 3-14, 3-16,3-17,3-18, 3-19, 3-21,3-22, 3-23, 3-24,3-25, 4-7 |
| 2008-09 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(13) തി.16.02.21 | 24 | 2-1, 2-4,2-5(2), 2-6, 2-7, 2-8, 2-10, 2-11, 3-2, 3-3,3-4(1 To 5)3-5, 3-6, 3-7,3-8, 3-9(1,2,3), 3-10, 3-11,3-12, 3-13,3-14, 3-15,3-16, 4-7 |
| 2009-10<br>2010-11 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(14) തി.20.02.21 | 10 | 2-1, 2-2,(123),2-3, 2-5,3-3,3-4,3-6, 3-9, 3-16,3-17 |
| 2011-12<br>2012-13 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(15) തി.20.02.21 | 24 | 1-1, 1-2, 2-1,(2) 2-2,(3) 2-3(1),3-1, 3-2, 3-3,3-4,3-5, 3-6, 3-7,3-8 , 3-9, 3-10,3-12, 3-13,3-18,3-19, 3-20, 3-22, 3-23 3-,24 |
| 2013-14<br>2014-15 | കെ.എസ്.എ.കെ. കെ.ഡി. പി.10/1001/2018(16) തി.20.02.21 | 18 | 2-1, 2-2, 2-4, 3-1, 3-2, 3-3,3-4,3-5, 3-6, 3-7,3-8 ,3-9, 3-12,3-13,3-15, 3-16(1,2)3-17, 4-9 |

| | | | |
|---|---|---|---|
| 2015-16 | കെ എസ് എ/ കെ കെ/ഡി/പി/9/1309/17 തീ-17-1-18 | 16 | 2-2,3-1, 3-3,3-4,3-5,3-6, 3-7,3-8 , 3-11,3-13,3-14, 3-15,3-16, 3-17,3-18,4-9 |
| 2016-17 | കെ എസ് എ/ കെ കെ/ഡി/പി10/2047/19 തീ-04-09-20 | 13 | 2-4,(2,3), 2-7, 2-8,3-1,3-5(2), 3-6, 3-7(3) 3-9, 3-11, 3-14, 3-18(6,7,8,9), 3-20,3-23 , 3-25 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി-10/395/2021/ 13.04.2021 | 9 | 3-5, 3-9, 3-12, 3-14, 3-15, 3-17, 3-18, 3-20, 4-10 |
| 2018-19 | കെ.എസ്.എ. കെ.കെ.ഡി. പി10/209/21 തീ. 05.02.2021 | 29 | 1-1, 1-3, 1-5, 1-6, 1-7, 1-9,1-10, 1-11, 1-12, 1-13, 1-14, 1-15, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-27, 1-28, 1-29, 1-30, 1-32, 3-1, 3-2, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## .ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്